# പാരിജാതം

പുസ്തകം 2 | കർക്കടകം. 1124 | ലക്കം 12


## മംഗളം.

(ഉള്ളൂർ)

കെല്പൊത്തുശംഭുവെ വണങ്ങിയഭീഷ്ടമെല്ലാം
കെശില്പത്തിൽനേടിയ തുഷാരഗിരിക്കിടാവേ!
തൽപ്പത്ത്രാപ്പകൽ നമിച്ചിടുമെൻറകാര്യം
കൊപ്പത്തിലാക്കരുതു മുൻകഥയാമ്മാറുവണ്ണം.

---

## സമാപ്തചരിതനായ പിതാവ്

(ശ്രീ. ഉള്ളൂർ, പി. മഹാദേവൻ)

ആയിരത്തി ഒരുന്നൂററി ഇരുപത്തിനാലു് മിഥുനം ഒന്നാം തീയതി ഉച്ചയ്ക്കു 1-25ന് ആ ഭദ്രദീപം പൊലിഞ്ഞുപോയി! സംഭവബാഹുലമായ ആ ജീവിതം "ഇങ്ങിനിവരാതവണ്ണം" പ്രപഞ്ചത്തിൽ വിലയംപ്രാപിച്ചു. ഈ ശതാബ്ദത്തിലെ ഏററവും മികച്ച കലാശില്പം അങ്ങിനെ അസ്തംഗതമായി. ആർഷസംസ്കാരത്തിൻെറ ശോഭനതേജസ്സ് വിണ്ണിലേക്ക് ഉയൎന്നു. മലനാട്ടിൻെറ മഹാകവി മൺമറഞ്ഞു. കന്യാകുമാരിമുതൽ കണ്ണൂർവരെ കദനതരംഗങ്ങൾ അലതല്ലി. സാഹിത്യലോകം ആകെക്കൂടി ശോകമൂകമായി. കൈരളിക്കു വൈധവ്യവുംവാച്ചു. എനിക്ക് എൻെറപിതാവുമാത്രമല്ല, ഗുരുവര്യനും കൂടി നഷ്ടപ്പെട്ടു. ഭാവിയുടെ കരിനിഴൽ എന്നെ വിറകൊള്ളിച്ചു. എന്തുചെയ്യാം, വിധിമതം. ആ സംഭവത്തെപ്പററി—ആ അത്യാഹിതത്തെപ്പററി— ആ അശനിപാതത്തെപ്പററി- ചിന്തിക്കുവാൻപോലും ഈ ദുർബ്ബലഹൃദയത്തിന്നു കഴിഞ്ഞില്ല. മഹാകവിതന്നെ ഉമാകേരളത്തിൽ പറയുന്നുണ്ടു്,

അവിടെ-ജ്ജീവനെക്കഥിക്കുവാൻ
പവിയോനാവ്? നിനയ്ക്കുവാൻമനം
അവിതക്ക്, മതല്ല പാറയോ?
കവിയും ഹന്ത! മനുഷ്യനല്ലയോ?

എന്ന് ഇവിടെ 'ഇവനും ഹന്ത! മനുഷ്യനല്ലയോ' എന്നുമാത്രമേ എനിയ്ക്കു പറയുവാൻ തോന്നുന്നുള്ളു.

മണി രണ്ടായപ്പോൾതന്നെ അന്തരീക്ഷം മാററൊലികൊണ്ടു മഹാകവി അന്തരിച്ചു എന്ന്. അ

ല്പനേരത്തിന്നുള്ളിൽ ദീനപത്രമാപ്പീസുകൾക്കും പിററി. ഐ. യ്ക്കും അധികൃതമായ അറിയിപ്പുകിട്ടി. പട്ടണത്തിലാകമാനം ഒരു ശ്മശാനശാന്തത. പൌരജനങ്ങൾ കേട്ടവർ കേട്ടവർ അമ്പരന്നു. ഉഗ്രഗംഭീരന്മാരായ സാമ്രാജ്യമഹാരഥന്മാർപോലും അന്തരിച്ചാൽ ഇത്ര ശോകമയമായ പാരവശ്യം ഉണ്ടാവുകയില്ല.

ആസന്നമായിരുന്ന അത്യാഹിതത്തിന്റെ മൂണ്ടുപലകകളായിരുന്ന പല കാര്യങ്ങളും ഇപ്പോൾ എന്റെ സ്മരണയെ തട്ടിയുണർത്തുന്നു. ഇന്നോർക്കുന്നു പ്രകൃതി ദേവി നേരത്തെതന്നെ ഈ വിപത്തിനെ കണ്ടറിഞ്ഞിരുന്നു എന്ന്. ഇടവം 32ാം-നു-മുതൽ പറകോട്ട ഒരാഴ്ച തിരുവനന്തപുരം നഗരം സൂര്യപ്രകാശം കണ്ടിട്ടില്ല. ഉൽക്കടമായ പേമാരിയും ഉഗ്രമായ ശൈത്യവും, ഈ പ്രകൃത്യാഭാസങ്ങൾ ഏതോ വിപത്തിന്റെ നാന്ദിയായിരുന്നുവെന്നു ഞങ്ങൾ അന്നു കരുതിയിരുന്നില്ല. പ്രകൃതിമാതാവിന്റെ അപദാനങ്ങളെക്കുറിച്ച് എപ്പോഴും പാടിപ്പുകഴ്ത്താറുള്ള ആ കവിസാർവ്വഭൌമൻ അവശതയിലാണപ്പോൾ. എട്ടു ദിവസം നീണ്ടുനിന്ന ഈ അടമഴയും കൊടുംകാററും അനവസരത്തിലല്ലായിരുന്നു എന്നുവേണം പറയുവാൻ.

ഇടവമാസം 11-ാംനു- അപ്പന്റെ 72-ാമത്തെ പിറന്നാൾ ആഘോഷിച്ചു. എന്നെ സംബന്ധിച്ചേടത്തോളം ആ ദിനം ഏററവും സ്മരണീയമായ ഒന്നായിരുന്നു. എക്കാലത്തും ഓർമ്മനില്ക്കുന്ന ഒരുസംഭവം അന്നുണ്ടായി. ആയിടയ്ക്ക് ഞാൻ എഴുതിത്തീർന്നിരുന്ന ഒരു ലേഖനം വായിച്ചുകേൾക്കണമെന്നുള്ള എന്റെ അപേക്ഷയ്ക്കു "ഗദ്യമാണെങ്കിൽ എന്റെ അഭിപ്രായത്തിന്നായി നീ കാത്തിരിക്കേണ്ട. നല്ലൊരുശൈലി നിനക്കു സ്വാധീനമായിട്ടുണ്ട്. ഉള്ളതുകളയാതെ സൂക്ഷിച്ചാൽമാത്രംമതി. നിന്റെ കവിതകളും എല്ലാം നന്നായിവരുന്നുണ്ട്. പക്ഷെ എല്ലാം ശബ്ദശബളമാണ്. ആശയത്തിന്റെകാര്യത്തിൽ ഒന്നുകൂടി മനസ്സിരുത്തണം. ഇതൊക്കെമതി ഇനിയത്തെകാലത്തേക്ക്. ഇനി അങ്ങോട്ടെല്ലാം ഞാൻ വായിച്ചുകേട്ടു എന്നുവരില്ല. അതുകൊണ്ട് ഇത്രയും പറഞ്ഞു എന്നേയുള്ളു" എന്നുമറുപടിനല്കി. എന്റെ കൈക്കുററപ്പാടുകൾ കാണുവാൻ വാത്സല്യനിധിയായ അപ്പൻ, ജീവിച്ചിരിക്കുകയില്ലെന്നുള്ള ധ്വനി മേൽപ്പറഞ്ഞവാക്കുകളിൽ അടങ്ങീട്ടുണ്ടെന്നു അദ്ദേഹം മരിച്ചതിന്നുശേഷം മാത്രമാണ് ഞാൻ മനസ്സിലാക്കിയത്.

പതിനെട്ടാംതീയതിയാണെന്നുതോന്നുന്നു, അദ്ദേഹത്തിനു പെട്ടെന്നു ക്ഷീണംബാധിച്ചു. ഡോക്ടരുടെ നിർദ്ദേശാനുസാരം കിടപ്പുപിടിച്ചു. തറയിൽ നട്ടുപടിയിട്ടു അതിൽ മെത്തയുംവിരിച്ച് നിവർന്നുകിടന്നു. ശരശയനത്തിലെ ഭീഷ്മരെപ്പോലെ ഈ ഏഴുപത്തിരണ്ടു കൊല്ലത്തിനിടയ്ക്ക് രണ്ടോരണ്ടുപ്രാവശ്യംമാത്രമെ അപ്പൻ ദീനപ്പായിൽ കിടന്നിട്ടുള്ളു. ഒന്നു കഴിഞ്ഞ കൊല്ലം മീനമാസത്തിലും മറെറാന്നു ഈ അന്ത്യകാലത്തും. അല്ലാതെ ഒരു ജലദോഷംപോലും അദ്ദേഹത്തെ ബാധിച്ചിട്ടില്ല. ആദ്യത്തെരണ്ടുമൂന്നുദിവസം എപ്പോഴും ഉറക്കമായിരുന്നു. ഇടക്കിടെ ഉണരുമ്പോൾ "എനിക്ക് പകലും രാത്രിയും ഒരുപോലെതോന്നുന്നു. ഞാൻ ഇങ്ങിനെ വെറുതെ ഉറങ്ങിയാലോ" എന്ന് താൻവെറുതെസമയം പാഴാക്കിക്കളയുന്നതിനെപ്പററി പരിതപിച്ചിരുന്നു. ഇതിനുപുറമെ സാഹിത്യസംബന്ധമായ പലകാര്യങ്ങളെപ്പററിയും സംസാരിക്കാറുണ്ടായിരുന്നു. പത്രങ്ങളിൽ എന്തെങ്കിലും വിശേഷവിധിയായിട്ടുണ്ടോ എന്നുംമററും എപ്പോഴും ചോദിക്കുക പതിവായിരുന്നു. ആസ്ഥാനമഹാകവിയുടെ നേതൃത്വത്തിൽ പരിഷത്സമ്മേളനവും പ്രൊഫസ്സർ മുണ്ടശ്ശേരിയുടേയുംമററും സാന്നിദ്ധ്യത്തിൽ പുരോഗമനസാഹിത്യമഹായോഗവും ആയിടയ്ക്കാണ് ആഘോഷിക്കപ്പെട്ടത്. അവയെ സംബന്ധിക്കുന്ന പത്രലേഖനങ്ങളും വളരെയധികം ഒച്ചപ്പാടുണ്ടാക്കിയ രൂപഭദ്രതാവാദവും വായിച്ചുകേൾക്കുവാൻ ഈ അവശതാവസ്ഥയിലും അപ്പൻ ഔത്സുക്യം കാണിച്ചിരുന്നു. കൂടെക്കൂടെ കൺതുറന്നുകഴിഞ്ഞാൽ ഉടൻ സാഹിത്യചരിത്രത്തിന്നു ആവശ്യമുള്ള നൂതനവിവരങ്ങൾ എന്തെങ്കിലുംവന്നുചേർന്നിട്ടുണ്ടോ എന്നന്വേഷിക്കുക പതിവായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, അസ്തപ്രജ്ഞനാകുന്നതുവരെ അദ്ദേഹത്തിന്റെ ചിന്തയിൽ ഊറിനിന്നതു് കൈരളിയുടെകാര്യം മാത്രമാണ്.

ഇരുപത്തിയാറാംതിയ്യതി ഡോക്ടരുടെ റിപ്പോർട്ട് ഈ വിധത്തിലായിരുന്നു. "ഹൃദയത്തിന്ന് ഇത്രമാത്രം ശക്തിയുള്ള ഒരുരോഗിയെ ഞാൻ ഈക്കാലത്തിന്നിടയിൽ കണ്ടിട്ടില്ല; ചികിത്സിച്ചിട്ടുമില്ല. ഒരു ഇരുപതുവയസ്സായ യുവാവിന്നുപോലും ഇത്ര ദൃഢമായഹൃദയം ഉണ്ടായിരിക്കുന്നതല്ല. മസ്തിഷ്കത്തിൽ രക്തംചെന്നുചേരായ്കയാണ് ഈരോഗത്തിന്റെ മൂലകാരണം. ഒരാളിന്റെ ഏതവയവമാണോ കൂടുത

ൽ ഉപയോഗപ്പെട്ടിട്ടുള്ളതു് അവിടെയാണ് ഈ കഴിപ്പുംവരിക. നമുക്കാണെങ്കിൽ കൈകാലുകാം. ഏതായാലും വേണ്ടത്തക്കവരെയൊക്കെ വിവരമറിയിക്കുക" ഒടുവിലത്തെവാചകം ഞങ്ങൾ അതർഥിക്കുന്ന ഗൌരവത്തോടെ മനസ്സിലാക്കിയില്ല.

ഏതായാലും ഡാറാഡൂണിൽ താമസിക്കുന്ന ഏററവും ഇളയ അനുജനെ കമ്പിമൂലം 24-ാംനു-തന്നെ വിവരമറിയിച്ചിരുന്നു. പക്ഷെ ഈകമ്പി അയാൾക്കു കൈപ്പററുവാൻസാധിച്ചില്ല. യാദൃച്ഛികമായികിട്ടിയഅവധി ഉപയോഗിച്ചു അയാൾ അതിനകം നാട്ടിലേക്കു തിരിച്ചിരുന്നു. 26-ാംനു-തന്നെ അയാളും വീട്ടിൽഎത്തി.

അങ്ങിനെ മിക്കവാറും എല്ലാബന്ധുക്കളും ഇരുപത്തെട്ടാംതിയ്യതി ആയപ്പോഴേക്കും വീട്ടിൽവന്നുചേർന്നു. വീട്ടിൽ ഒരു മഹായോഗത്തിൻെറ ലക്ഷണം ദൃശ്യമായി. അങ്ങിനെ രണ്ടുദിവസങ്ങൾ കൂടികഴിഞ്ഞു. എന്നാൽ അച്ഛൻ മരണത്തിനോടടുക്കുകയാണെന്ന് അപ്പോഴും ഞങ്ങൾ ധരിച്ചിരുന്നില്ല. മക്കളായ ഞങ്ങൾക്കു അച്ഛൻ ചിരഞ്ജീവിആണെന്നായിരുന്നു വിചാരം.

മിഥുനം ഒന്നാംതീയതി പ്രഭാതം. മഴനിശ്ശേഷംമാറിയിരുന്നു. എങ്കിലും ഒരു മൂകശാന്തത എമ്പാടുംപരന്നിരുന്നു. സൂക്ഷ്മം ഏഴരമണിക്ക് ഡോക്ടർ വന്നുചേർന്നു. പരിശോധനകഴിഞ്ഞു "ഇന്നത്തെസ്ഥിതി കുറച്ചുമോശമാണ്. പേഷ്യൻറിനെ ഒരുകട്ടിലിൽ കിടത്തുകയായിരിക്കുംഭേദം" എന്ന് അഭിപ്രായപ്പെട്ടു. ആ ആജ്ഞ പ്രത്യക്ഷരം അനുസരിക്കപ്പെട്ടു. ആയുസ്സിൽ ആദ്ദേഹം അന്നാണ് കട്ടിലിൽകിടക്കുന്നതു്. കട്ടിലിൽ കിടന്നുറങ്ങുകയും മേശപ്പുറത്തുവെച്ചു എഴുതുകയും അദ്ദേഹം രുചിച്ചിട്ടില്ലാത്ത രണ്ടുകാര്യങ്ങളാണ്. ബട്‌ലർകമ്മിററി മെമ്മറാണ്ടം, ക്ഷേത്രപ്രവേശനകമ്മിററി റിപ്പോർട്ട് എന്നിവതുടങ്ങി ഈ അടുത്ത കാലത്തു അവസാനമായി എഴുതിയ എൻ. ജി. ഒ. മംഗലാശംസവരെ തറയിൽപായും വിരിച്ചുചമ്രംപടിഞ്ഞിരുന്നാണ് എഴുതീട്ടുള്ളതു്. വിഭവസമ്പന്നമായ സാഹചര്യങ്ങളുടെമധ്യേ ഏററവും ലളിതവും നിരാഡംബരസുന്ദരവുമായ ഒരു ജീവിതയാത്ര ആ കാവ്യധനൻ നയിച്ചിരുന്നതു്. ആഡംബരങ്ങളെല്ലാം അനുഭവിച്ചതു് ഞങ്ങളും മററുബന്ധുക്കളുമാണ്. മേശയും കട്ടിലും ഞങ്ങൾക്കു അനുപേക്ഷണീയസാധനങ്ങളായിരുന്നു.

അന്നുരാവിലെ ഒമ്പതരമണിക്ക് അച്ഛൻെറ അരികിൽനിന്നുംപെട്ടെന്ന് ഒരുകാര്യംപ്രമാണിച്ചു് അകത്തേക്കുപോയ എന്നെ അച്ഛനെകാണുവാൻ ഒരു പുതിയആൾവന്നിരിക്കുന്നു എന്ന് ഭൃത്യൻ അറിയിച്ചു. ഞാൻ വേഗം അച്ഛൻകിടക്കുന്ന മുറിയിലെത്തി. അച്ഛൻെറ സന്തതസഹചാരിയും ആ ജന്മസുഹൃത്തുക്കളിൽ അഗ്രഗണ്യനുമായ ശ്രീ. ഏ. ഡി. ഹരിശർമ്മ "ഉരുകുന്നൊരുമാനസത്തോടും പെരുകീടുന്നൊരു കണ്ണുനീരോടും" ഗുരുപാദരെ പ്രദക്ഷിണംവെച്ചു നമസ്കരിക്കുന്നകാഴ്ചയാണ് ഞാൻ അവിടെക്കണ്ടതു്. ഞങ്ങൾ പരസ്പരാഭിമുഖരായി അന്യോന്യം നോക്കി കരഞ്ഞു. കദനഭാരംതാങ്ങുവാനാവാത്തതിനാലായിരിക്കാം മി. ശർമ്മ ഉടൻതന്നെ വിടവാങ്ങി യാത്രയായി. ഞാൻ വീട്ടിൻെറ പടിക്കൽവരെ അനുയാത്രചെയ്തു. ഞങ്ങൾ തമ്മിൽപിരിഞ്ഞു.

അന്നുച്ചയ്ക്ക് പന്ത്രണ്ടുമണിക്കുമുമ്പുതന്നെ പുറത്തേക്കുപോയിരുന്നവരെല്ലാം മടങ്ങിയെത്തി. പതിവിനു വിപരീതമായി അച്ഛൻകിടന്നിരുന്നമുറിയിൽ ഞങ്ങൾഎല്ലാവരും കൂട്ടംചേർന്നു. രോഗിയുടെസമീപത്തിൽ ആരുംചെല്ലരുതെന്ന കർശനമായനിയമം നിലവിലുണ്ടായിരുന്നിട്ടും അന്ന് ആരും ആക്കാര്യത്തിൽ വിപ്രതിപത്തിതോന്നിയില്ല. കാലചക്രം ഒരു മണിക്കൂറിൻെറ കറക്കംകൂടികറങ്ങി. രണ്ടുദിവസം പ്രജ്ഞയില്ലാതെകിടന്ന അച്ഛൻ പെട്ടന്നു കൺതുറന്നു. ഞങ്ങൾ ആഹ്ലാദിച്ചു. എൻെറ ഹൃദയം മദിച്ചുമത്താടി. ജഗദാദികാരണമായ പരമാത്മാവിനെ ഞങ്ങൾ ഒന്നടങ്കം സ്തുതിച്ചു. ചിലർ സ്തോത്രങ്ങൾതന്നെചൊല്ലി, മററുചിലർ രാമനാമംജപിച്ചു. അച്ഛൻ പതുക്കെ വായ്തുറന്നു. അല്പം ഗംഗാജലം വായിലൊഴിച്ചുകൊടുത്തു. അതു ഉള്ളിലേയ്ക്കു ചെന്നതോടെ ആ ദേഹത്തിലെ പ്രാണവായു പറന്നുപോയി. അങ്ങിനെ ആ ജീവാത്മാവ് പരമാത്മാവിൽലയിച്ചു.

വാത്സല്യനിധിയായ പിതാവിൻെറ വേർപാടിൽ ഞങ്ങൾക്കു നേരിട്ടിട്ടുള്ള ശോകാവേഗത്തിനു ഒരു മരുപ്പുറം കൂടിഉണ്ടെന്നു സമാധാനിക്കുവാനേ ഇനി വഴി കാണുന്നുള്ളൂ. പന്ത്രണ്ടാമത്തെവയസ്സുമുതൽ എഴുപത്തിരണ്ടാമത്തെവയസ്സുവരെ നിരന്തരമായി പ്രയത്നിച്ചിരുന്ന ആ കഠിനാധ്വാനിക്കു ഒരുവിശ്രാന്തി അത്യന്താപേക്ഷിതമായിത്തീർന്നു. എന്നാൽ വിശ്രമത്തിനു വേണ്ടി വിശ്രമിക്കുവാൻ ആ കർമ്മയോഗിക്കു സമ്മതവുമല്ല. പ്രയത്നത്തിനുള്ള വിശ്രമം മരണമാണെന്നും

പ്രയത്നത്തിന്റെ കൂലി മരിച്ചതിന്റെ ശേഷമേ പ്രതീക്ഷിക്കാവൂ എന്നും അദ്ദേഹം കൂടക്കൂടെ പറയാറുണ്ടായിരുന്നു. മാനസികമായ അനവധി ക്ലേശങ്ങൾ നിറഞ്ഞുമറിഞ്ഞിരുന്ന ഒരു ജീവിതമായിരുന്നു മഹാകവിയുടേതു്. അതിന്റെ നടുവിലാണത്രേ ബുദ്ധിപരമായ ഈ അദ്ധ്വാനങ്ങളെല്ലാം.

പെൻഷൻ പററിയതിനു ശേഷമാണു് മഹാകവി കേരളസാഹിത്യചരിത്രത്തിന്റെ നിർമ്മാണം ശുഷ്കാന്തിയോടുകൂടി ആരംഭിച്ചതു്. "കേരളീയജനതയോടു എനിക്കു ചില കടമകൾ ഉണ്ടു്. ഈ സാഹിത്യചരിത്രത്തിന്റെ" പരിപൂർത്തിയോടുകൂടി അതവസാനിക്കും" എന്നു് എന്നോടു് പലപ്പോഴും പറഞ്ഞിട്ടുണ്ടു്. ഹാ! എത്ര പരമാർത്ഥം!

പന്ത്രണ്ടു കൊല്ലംമുമ്പു് എന്റെ ഇംഗിതാനുസാരം അള്ളൂർ എഴുതിയ "കവിയും കീർത്തിയും" എന്ന കാവ്യത്തിൽ നിന്നും ഏതാനും വരികൾ ഉദ്ധരിച്ചുകൊള്ളട്ടെ. കവിയും കീർത്തിദേവിയും തമ്മിലുള്ള സംഭാഷണമാണു് പ്രതിപാദ്യവിഷയം.

കീർത്തിദേവി കവിയോടു്:—

"മമഹൃദയവല്ലഭന്മാരാം മഹാത്മാക്ക-
ളമരുമൊരുദേശവും കാലവും ദുർല്ലഭം
അവരിലൊരുവൻ ഭവാനെങ്കിലും തല്ക്കാല-
മവധിയൊരുതർത്ഥിപ്പുനഃപാലിക്കുന്നതാൻ
ഇരവുവരണം; കലാനായകൻ തൻകരം
ധരയെയണിയിക്കണം, ധൌതപട്ടാംബരം
അനവരതമെന്നെയിട്ടീമട്ടലട്ടുന്ന
ജഗവിതതിദീർഘമാം നിദ്രകൈക്കൊള്ളണം.
ദുരവദനരിക്കൂട്ടർ മൂഴ്ന്ന സിതത്തൊ—
നശരണയൊരല്പം സ്വതന്ത്രയായ്ത്തീരണം;
അപ്പൊഴുതിലങ്ങസ്സമീപത്തു ഞാനെത്തു-
മതനുശരപീഡകൊണ്ടാകുലീഭൂതയായ്;
തടിനിയുടെവക്കത്തു കണ്ടുവോനമ്മൾക്കു
അവണവുമില്ലാത്ത സങ്കേതമന്ദിരം
സവിധഭുവിജാതരാം സർവ്വകർമ്മന്തത്തി—
ലവിരതശമം നല്ലമാരാമതല്ലജം,
കഴിയുടെനിരപ്പുള്ള കുന്നിന്മേലെകന്ന
നിയതിയുടെ കന്ദുകക്രീഡാത്തുണാങ്ഗണം.

നിയതിയുടെ ആ കന്ദുകക്രീഡാത്തുണാങ്ഗണത്തിലേക്ക് - ശ്മശാനത്തിലേക്ക് - ആ മൃതദേഹം ചെന്നുചേന്നു; കലാനായകൻ തൻകരം കൊണ്ടു് ധരണീദേവിയെ ധൌതപട്ടാംബരം അണിയിച്ചതുമവളായിരുന്നു.

"വരുമവിടെയങ്ങയെക്കാണ്മിടാനിന്നുള്ളൊ-
രരികളുടെ മക്കളും മക്കൾതൻമക്കളും."

ഇതാണു ഞങ്ങളുടെ പ്രത്യാശ. ആ പാവനാത്മാവിനു നിത്യസായൂജ്യം നേർന്നുകൊള്ളട്ടെ.

## മഹാകവിയുടെ ജാതകം.

ശ്രീ.

കൊല്ലവർഷം ആയിരത്തി അമ്പത്തിരണ്ടാം ആണ്ടു് ഇടവമാസം 25-ാം നു- ബുധവാരേ രേവതിനക്ഷത്രവും കൃഷ്ണപക്ഷദശമിയിൽ സുരഭിക്കരണവും സൌഭാഗ്യനാമനിത്യയോഗവും കൂടിയ ശുഭദിവസം ഉദിച്ചു പന്ത്രണ്ടു നാഴിക എട്ടുവിനാഴിക പുലർച്ചയ്ക്കു മീനക്കൂറ്റിൽ ധനുർദ്വാദശാംശകത്തിൽ ചന്ദ്രൻ നില്ക്കേ സിംഹാദിത്രേക്കാണം കൊണ്ടു പുരുഷജനനം.

| | | | |
|---|---|---|---|
| ച | | ര. ബു. | ശു. |
| ക. മ. സ | ഗ്രഹനില | | |
| | | | ല. ശി. മാ. |
| ഗു | | | |

| | | | |
|---|---|---|---|
| ബു | ല | | ഗു. മ. |
| സ | അംശകനില | | |
| | | | ര. മാ. ശി. |
| ച | ക | ശു | |

ജനനശിഷ്ടം ബുധദശാവർഷം 15 മാസം 10 ദിവസം 22.

# പാദപൂജ.

—:o:—

(നതോന്നത)

അന്തരിച്ചുമഹാകവി, കൈരളീതൻ പ്രാണപ്രിയൻ,
അന്ധകാരം വ്യാപിച്ചല്ലോ കേരളഭുവിൽ
ഭാരതത്തിൻ പുരാപുണ്യം സഞ്ചയിച്ചോരസ്സൽഗുരു
കേരളത്തിൻ ഭാഗധേയകല്പപാദപം,
വെന്തെരിഞ്ഞു ചാമ്പലായി, മണ്ണടിഞ്ഞു മൃതദേഹം
സന്തപിക്കു കേരളമേ! മന്മാതൃഭൂവേ!
മൺമറഞ്ഞു കേരളത്തിൻ വിശ്രുതമാം കലാശില്പം
വിണ്ണണഞ്ഞു വിഷ്ടപത്തിൻ വിശിഷ്ടാതിഥി.
പേരുററതാം വാദങ്ങളിലേറ്റു മഹാബുദ്ധിശാലി
ധീരധീരം പടവെട്ടി കൊടി പറത്തി
പഞ്ചമഹാകാവ്യങ്ങളിൽ മുഖ്യമെന്നു പ്രഖ്യപൂണ്ട
മഞ്ജുവാമുമാകേരളം നിർമ്മിച്ച ധന്യൻ,
മണിമഞ്ജുഷയ്ക്കകത്തായ് വിജ്ഞാനമാം കതിർ ചിന്നും
മണിവിളക്കേന്തിടുന്ന മഹാകവിശ്രേഷ്ഠൻ,
കൈരളിയ്ക്കു ധരിക്കുവാൻ നല്ലകർണ്ണഭൂഷണവും
ചാരുചിത്രശാലയൊന്നും ചമച്ച ശില്പി
കൈരളിയും ഗീർവ്വാണിയും നൽത്തമിഴും ഹൈന
[ന്നിതാനും
കൈപ്പടത്തിൽ കളിയാടും കല്യാണശീലൻ,
മലനാട്ടിൻ മഹിതമാം അപദാനങ്ങളാപാടി-
ക്കളഗീതകളുകളമൃതിക്കും ഭവ്യൻ,
അദ്ദേഹമെന്നെൻറഗുരു, വന്ദ്യമാണെൻറ പിതാ-
വദ്ദേഹത്തിന്നാശിസ്സെന്നെസ്സംരക്ഷിക്കട്ടെ.
എന്തുചെയ്യാം! വിധാതാവിന്നഭിമതമതാണു ഹാ-
ലത്തുസ്സന്ധനായിപ്പോയോ പ്രപഞ്ചശില്പി?
ശൂന്യമായി സാഹിത്യത്തിൻ സുവർണ്ണമാം സിംഹാ
[സനം
ദൈന്യമായി കൈരളീതൻ കാവ്യസംസ്കാരം
തിരിവീല മൽപിതാവേ! അനന്തരകരണീയം
നിരാലംബം നിരാധാരം മദീയജന്മം.
പാവനമാം പാദങ്ങളിൽ നിത്യപൂജ ചെയ്തിടാമ-
പ്പാവനാത്മാവടയട്ടെ! നിത്യസായൂജ്യം.

---

## ശ്രീ. മഹാദേവൻെറ കത്ത്.

[ശ്രീ മഹാദേവൻ തൻെറ വന്ദ്യപിതാവിനെക്കുറിച്ച് എഴുതിയ ശ്രദ്ധാപദ്യവചനങ്ങളോടൊപ്പം ഞങ്ങൾക്കയച്ച കത്ത് ഇവിടെ ഉദ്ധരിക്കുന്നത് അസ്ഥാനത്തിലാവില്ലെന്നു കരുതുന്നു. (പാ. പ.)

ശ്രീ.

ആദരവാത്സല്യങ്ങളുടെമുമ്പിൽ വിനയത്തിൻെറ കൂപ്പുകൈ.

താങ്കളുടെ സ്നേഹസാന്ദ്രമായ കത്തുകിട്ടി. പാരിജാതത്തിൻെറ അടുത്തലക്കം അച്ഛൻെറ ചരമസ്മാരകമായി പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചതിൽ അനുഭവിച്ചിരിക്കുന്ന ഔചിത്യദീക്ഷയെ ആദ്യമായി അഭിനന്ദിച്ചുകൊള്ളട്ടെ. അച്ഛനും താങ്കളുമായി ഉള്ള മൈത്രീബന്ധം എത്രമാത്രം തഴക്കവും പഴക്കവും ചെന്നതാണെന്നു എനിക്കു അറിയാം. "പാരിജാതം" എന്ന പേരുപോലും അച്ഛൻ നിർദ്ദേശിച്ചതാണല്ലോ.

അച്ഛൻെറ ജീവിതത്തെ സാരമായി സ്പർശിക്കുന്ന പല സ്മരണകളും എഴുതി പ്രസിദ്ധീകരിക്കണമെന്നുദ്ദേശമുണ്ട്. പക്ഷേ ഈ ശോകമൂർഛയിൽനിന്നും നിർമ്മുക്തമായിട്ടല്ലേ അതു സാധിക്കൂ. താങ്കളുടെ കത്തു കിട്ടിയതിനുശേഷം തിടുക്കത്തിൽ കുത്തിക്കുറിച്ചു ഒരു ലേഖനം ഇതോടൊന്നിച്ചയക്കുന്നു. ഞാൻ ഒരു എഴുത്തുകാരനാണെന്നു അഭിമാനിക്കുന്നില്ലെന്നു പറയുന്നതിൽ ക്ഷമിക്കണം. ബുദ്ധിമാന്മാർ കാലുകുത്തുവാൻ മടിക്കുന്ന ദിക്കിൽ മടയന്മാർ ഇരച്ചുകയറുന്നു എന്നു മാത്രം ധരിച്ചാൽമതി.

അച്ഛനുമായുണ്ടായിരുന്ന ആ വേഴ്ച അന്യൂനമായിത്തന്നെ ഞങ്ങളോടുകൂടിയും ഉണ്ടായിരിക്കണം. ഭാവുകന്മാരുടെ കാരുണ്യപ്രകർഷം ഞങ്ങൾക്ക് അനുഗ്രഹംമാത്രമാണ്.

മാസികയുടെ ഈ ലക്കം ആറുപ്രതി എൻെറ പേർക്ക് അയച്ചുതരുവാനപേക്ഷ.

സ്വന്തം, മഹാദേവൻ (ഒപ്പ്.)

---

ഉള്ളൂരും കവിതാരസാമൃതപയോ-
രാശിക്കു ശീതാംശുവാ-
യുള്ളോരാക്കെയുമല്പസൽപ്പുകൾ നിറ-
ച്ചത്യന്ത"സദ്ഭൃത്യ"നായ്
ഉള്ളോരെബ്ബഹുമാന്യമാം "കവികളാൽ"
സമ്പൂർണ്ണനായ് വാണൊരെ-
ന്നുള്ളൂർ ശ്രീ. "ഭഗിജയരാജ"നും വിധിമതാ
കൊണ്ടസ്തമിച്ചാനഹോ!

(ശ്രീ. കെ. എൻ. ഡി. നമ്പൂതിരി)

# ഉള്ളൂരിന്റെ മഹത്വം.

—!!—

(ശ്രീ. പി. എൻ. മൂസ്സതു, ബി എ, എൽ. ടി)

"കണ്ണീരും കയ്യുമായിക്കഴിയണമിനിമേൽ" എന്ന നില കൈരളിക്ക വരുത്തിത്തീൎത്ത ആ ദുർദ്ദൈവവിപാകത്തെക്കുറിച്ച് — ഉള്ളൂർ മഹാകവിയുടെ നിര്യാണത്തെക്കുറിച്ച് — കേട്ടാൽ സ്തംഭിക്കാത്ത ഹൃദയങ്ങളോ നനയാത്ത നയനങ്ങളോ കേരളസാഹിത്യസാമ്രാജ്യത്തിലില്ല. ഇതിന്ന കാരണമെന്തെന്ന് ഈ വ്യസനത്തിനിടയിൽക്കൂടി ഒന്ന ചിന്തിക്കുന്നത് ഒരുപക്ഷെ അസംഗതമെന്ന് ചിലൎക്ക് തോന്നുമെങ്കിലും അനാവശ്യമല്ല. നഷ്ടപ്പെട്ട ഒരു വസ്തു എന്റേതു് എന്ന തോന്നുന്നതാണ് ദുഃഖത്തിന്നുകാരണം. ശാസ്ത്രീയഭാഷയിൽ പറയുന്നപക്ഷം മമത — അതാണ് ആരേയും ദുഃഖിപ്പിക്കുന്നഭാവം. ഉള്ളൂരിന്റെ നിര്യാണത്തിൽ ഓരോ സാഹിത്യകാരനും തന്റെ എന്തോ ഒന്ന് — ഒരു സ്വത്ത് - നഷ്ടപ്പെട്ടുവെന്ന തോന്നലാണ് ഉണ്ടായിട്ടുള്ളതെന്ന വമ്പിച്ച അനുശോചന പ്രമേയങ്ങളുടേയും, കത്തുകളുടേയും, കമ്പികളുടേയും തുകയിൽ നിന്ന മനസ്സിലാക്കാം. ഒരു അർദ്ധശതാബ്ദം മുമ്പു തുടങ്ങി ഇതേവരെ മലയാളസാഹിത്യവുമായി സ്വല്പമെങ്കിലും ബന്ധപ്പെട്ടിട്ടുള്ള യാതൊരാൾക്കും ആർദ്രനയനങ്ങളോടുകൂടിയല്ലാതെ ഉള്ളൂരിന്റെ ചരമവാൎത്ത വായിക്കുക സാദ്ധ്യമല്ല. എന്നാൽ മമതമാത്രമല്ല സഹൃദയരെ വ്യസനിപ്പിക്കുന്നതെന്ന പറയേണ്ടിയിരിക്കുന്നു. ഓരാൾക്കുള്ള വസ്തുക്കളിൽവെച്ച് ഏററവും വലിയതൊന്ന നഷ്ടമാവുക — അതു ഒരിക്കലും സഹിയ്ക്കാൻകഴിയുന്നതല്ല. ഒരുറുപ്പികനഷ്ടമായാൽ ഒരു സ്വത്തുകാരൻ കൂട്ടാക്കുന്നതല്ല. എന്നാൽ ഒരുലക്ഷം ഉറുപ്പികനിക്ഷേപിച്ചിട്ടുള്ള ബാങ്കുപൊളിഞ്ഞുവെന്നു കേട്ടാൽ മോഹാലസ്യപ്പെട്ടുവീഴാത്തവരുണ്ടോ? കൈരളിയുടെ വിലമതിയ്ക്കാൻപാടില്ലാത്ത നിക്ഷേപങ്ങൾക്കിരിപ്പിടമായ വമ്പിച്ചൊരു ബാങ്കുതന്നെയായിരുന്നു ഉള്ളൂർ. അതു ദൌൎഭാഗ്യവശാൽ പൊളിഞ്ഞതിനാൽ കൈരളി നിസ്സഹായായിത്തീൎന്നതിലെന്താശ്ചൎയ്യം! ഈ വാൎത്ത കൈരളിയെ ജീവച്ഛവമാക്കാതിരിക്കുമോ?

"സൂതേ സൂകരയുവതി
സുതശതമത്യന്ത ദുർഭഗം ഝടിതി
കരിണീ ചിരേണ സൂതേ
കമപി മഹീപാലലാളിതം കളഭം"

സാഹിത്യലോകത്തിലെ പന്നികളിൽ — ചളിമാന്തികളിൽ — ഒന്ന നഷ്ടപ്പെട്ടുപോയാൽ നാമാരും കൂട്ടാക്കുകയേ ഇല്ല. ആ വക പന്നികൾ ഉടനടിതന്നെ ഉണ്ടാകും. എന്നാൽ, മഹീപാലലാളിത...

...ടെ വിയോഗം — അഹോ അതു ദുസ്സഹംതന്നെ! മറെറാരാനക്കുട്ടിയെ ലഭിക്കണമെങ്കിൽ കാലമെത്ര കഴിയണം. അങ്ങനെയിരിക്കെ വലിയൊരു കൊമ്പനെത്തന്നെ നഷ്ടപ്പെട്ടാലുള്ള കഥയാലോചിയ്ക്കുക! സാഹിത്യമഹോത്സവങ്ങളിൽ സർവ്വോപരിസമുന്നതശീർഷനായി പട്ടംകെട്ടിനില്ക്കാൻ യോഗ്യതയുള്ള മറെറാരു വേതണ്ഡപ്രകാണ്ഡം നമുക്കിനിയെപ്പോൾ എവിടെ നിന്ന സിദ്ധിയ്ക്കും?

ഉള്ളൂരിന്റെ മഹത്വത്തിന്ന കാരണം മഹാകവിത്വം മാത്രമോ? പാണ്ഡിത്യപാരാവാരപാരീണനായ മഹാകവി എന്നനിലയ്ക്കു സർവ്വസഹൃദയന്മാൎക്കും സമാരാധ്യനാണ് ഉള്ളൂർ. എന്നാൽ ബുദ്ധിശക്തിയോടൊപ്പംതന്നെ ഹൃദയത്തിനും വികാസം സിദ്ധിച്ചിട്ടുള്ള ഒരു മഹാമനുഷ്യനെന്നനിലയ്ക്കു മനുഷ്യമാത്രത്തിനും ആരാധ്യനാണദ്ദേഹം. നൂതനവിദ്യാഭ്യാസത്തിന്റെ യാതൊരുദോഷവും ബാധിയ്ക്കാതെ അതിന്റെ ഗുണപൌഷ്കല്യമെല്ലാം ഒരിടത്തുചേൎന്നു വിളങ്ങുന്നതു കാണണമെങ്കിൽ ഉള്ളൂരിന്റെ നികടത്തിൽതന്നെ ചെല്ലണം. ആ മഹാമനസ്കതയാണ് പാണ്ഡിത്യധോരണിയേക്കാൾ സഹൃദയരെ ആകൎഷിച്ചിട്ടുള്ളതു്. സാഹിത്യലോകത്തിലെ ക്ഷുദ്രജീവികളെക്കൂടി ഒന്ന തലപൊക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന ആ വാത്സല്യം അതിലെ മലിനസത്വങ്ങളെക്കൂടി താലോലിക്കുന്ന ആ കയ്യും കൈരളീസേവനംചെയ്യുന്ന സർവരേയും നിർവ്യാജമായനുഗ്രഹിക്കുന്ന ആ മനസ്സും അപൂൎവ്വസൃഷ്ടികൾതന്നെയാണ്. പാണ്ഡിത്യത്തിന്റെ ഹൃദയം ഇടുങ്ങിയതാണെന്നുള്ള പരാതിയ്ക്കു ഉള്ളൂർ ഒരു പ്രത്യക്ഷനിഷേധമാണെന്ന നിസ്സംശയം പറയാം. ഈ ലേഖകന്റെ സ്വന്തം ചില അനുഭവങ്ങൾ അതിന്ന സാക്ഷ്യംവഹിക്കുന്നുണ്ടെന്ന പറയാതെ നിവൃത്തിയില്ല. ഒന്നോരണ്ടോപ്രാവശ്യംമാത്രമെ ഞാൻ ഉള്ളൂരിനെ നേരിട്ടുകണ്ടിട്ടുള്ളു. പക്ഷെ, ആ കാഴ്ചകൾ എന്റെ ഭാഗധേയമായി കലാശിച്ചുവെന്നുമാത്രമല്ല, എന്നോ ഒരദൃശ്യപാശം എന്നെ അനുഗ്രഹത്തോട ബന്ധിക്കയുംചെയ്തു. സജ്ജനങ്ങളുടെ മൈത്രി പൂൎവ്വാഹ്നത്തിലെ ഛായപോലെയാണെന്ന വചനത്തിന്റെ സാൎത്ഥക്യം എനിക്ക ബോധ്യമായതു ആ വഴിക്കായിരുന്നു. 'മഹാകവിയായ ഉള്ളൂർ' എന്നതിനേക്കാൾ "മഹാമനസ്കനായ ഉള്ളൂർ" എന്ന ...

# എന്റെ ഗുരുദേവൻ.

—:o:—

(വിദ്വാൻ, ശിരോമണി, ശ്രീ. കെ. എൻ. നമ്പീശൻ.)

ഇക്കഴിഞ്ഞ മിഥുനമാസം 1-ാംനു എന്റെ ഗുരുദേവൻ— പാണ്ഡിത്യത്തിന്റെയും വാസനയുടെയും വിളനിലമായ കേരളത്തിന്റെ മഹാകവി— ജീവിതം മുഴുവനും സാഹിതീസേവനമാകുന്ന പരിപാവനയജ്ഞം ചെയ്തു, ഭാഷാദേവിയെ സമാരാധിച്ചുപോന്ന ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ— കേരളത്തെ കണ്ണുനീരിൽ കുളിപ്പിച്ചുകൊണ്ട്, കാലയവനികയിൽ തിരോധാനം ചെയ്തുവല്ലോ. ഈയവസരത്തിൽ എന്റെ ഹൃദയത്തിലുദിച്ചുയരുന്ന അദ്ദേഹത്തിനെസംബന്ധിച്ച സ്മരണകൾ താഴേകുറിക്കുന്നതു സമുചിതവും സമഞ്ജസവുമായിരിക്കുമെന്നു കരുതുന്നു.

ഏതാണ്ട് ഇരുപതുകൊല്ലങ്ങൾക്കുമുമ്പ് ഞാൻ പട്ടാമ്പി സംസ്കൃതകാളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ്, അവിടത്തെ സാഹിത്യസമാജത്തിന്റെ വാർഷികയോഗത്തിൽ അദ്ധ്യക്ഷനായി വന്ന മഹാകവിയെ ആദ്യമായി സന്ദർശിച്ചത്. അന്നു ഒരു കൊച്ചുവിദ്യാർത്ഥിയായിരുന്ന എനിക്ക് ആ പ്രൌഢഗംഭീരമായ പ്രസംഗം ഒട്ടുംതന്നെ മനസ്സിലായില്ല. ഭാരതീയസംസ്കാരത്തെപ്പററിയാണ് അദ്ദേഹം സംസാരിച്ചത് എന്നു തോന്നുന്നു. മഹാഭാരതത്തിലെ അനേകം ശ്ലോകങ്ങൾ ആ ദീർഘപ്രസംഗത്തിന്നിടയ്ക്ക് കാണാപ്പാഠം ചൊല്ലിയിരുന്നതും, വളരെയധികം ഗ്രന്ഥകാരന്മാരുടേയും, മഹാകവികളുടേയും നാമധേയങ്ങൾ ചൊല്ലിയിരുന്നതും, ഉച്ചാവചങ്ങളായ ചരിത്രശകലങ്ങൾ സൂചിപ്പിച്ചിരുന്നതും, അതെല്ലാം ഞാൻ ആശ്ചര്യസ്തബ്ധനായി കേട്ട് നോക്കിക്കൊണ്ടിരുന്നതും ഇപ്പോഴും ഓർക്കുന്നു. ആ ഗംഭീരപ്രസംഗം വലിയ പേമാരിപോലെ വളരെനേരം നീണ്ടുനിന്നു. പക്ഷേ, വെറും ബാലനായ എനിക്ക് അധികമൊന്നും മനസ്സിലായില്ല.

അന്നു വൈകുന്നേരം ഗുരുനാഥനും (പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ അവർകൾ. പട്ടാമ്പി സംസ്കൃതകാളേജിലെ എല്ലാവിദ്യാർത്ഥികളും മററുള്ളവരും അദ്ദേഹത്തെ ആ പേരിലാണ് വിളിച്ചിരുന്നത്) മഹാകവിയുംതമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ്, അദ്ദേഹത്തെ നേരിട്ടൊന്നു ചെന്നുകണ്ടു ചരിതാർത്ഥ്യമടയണമെന്ന ഉദ്ദേശത്തിൽ ഞാൻ പോയതു. വിദ്വാൻ, സി. എസ്സ്. നായർ, കെ. വി. എം. മുതലായ പല സാഹിത്യകാരന്മാരും അപ്പോൾ അവിടെ നില്ക്കുന്നുണ്ടായിരുന്നു. സാഹിത്യപരങ്ങളായ പല സംഗതികളുമായിരുന്നു അന്നവരുടെ സംഭാഷണവിഷയങ്ങൾ. മഹാകവി ഉള്ളൂരിന്നു ഗുരുനാഥനിലുണ്ടായിരുന്ന ഭക്തിബഹുമാനാദരങ്ങൾക്കു ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്, വിദ്യാപോഷിണിഗ്രന്ഥാവലിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു പുണ്യപുരുഷൻ എന്ന അദ്ദേഹത്തിന്റെ കവിതാതല്ലജം. അന്ന് "എനിക്ക് ഉദ്യോഗജീവിതംകഴിഞ്ഞു പെൻഷ്യനായിട്ട് അവിടുത്തെ അടുക്കൽ രഘുവംശം ഒന്നു പഠിക്കണമെന്നാഗ്രഹമുണ്ട്" എന്ന ചതുർഭാഷാപണ്ഡിതനായ മഹാകവി പുന്നശ്ശേരിനമ്പിഅവർകളോടു പറയുകയുണ്ടായി. ഗുരുനാഥൻ ഒന്നു പുഞ്ചിരിതൂകുകമാത്രം ചെയ്തു. ഈ സംഭവം ശ്രീ. ഉള്ളൂരിന്നു ഗുരുനാഥനിൽ ഉണ്ടായിരുന്ന ബഹുമാനത്തിന്റെയും സ്വന്തം വിനയത്തിന്റെയും പ്രകടനമാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. അക്കാലത്ത് തിരുവിതാംകൂറിൽ പര്യടനം നടത്തിയ പുന്നശ്ശേരിനമ്പിഅവർകൾ പല സദസ്സുകളിലും കാളിദാസന്റെ രഘുവംശത്തെപ്പററിയും മററും പ്രൌഢഗംഭീരങ്ങളായ പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി എന്നതു ഈയവസരത്തിൽ സ്മരണീയമാണ്.

"ഒരമ്മതന്നമ്മയ്ക്കുപിറന്നമക്ക-
ളോരോന്നാലൊരൊററത്തറവാട്ടുകാർ നാം.
നാഥന്റെ മുററത്തുവിളങ്ങിടുന്ന
നമ്പൂതിരിക്കൊത്തുമനുഷ്യവർഗ്ഗം."

എന്നുപാടിയതു, ആ തത്ത്വം തന്റെ നിത്യജീവിതത്തിൽ അനുഭവപ്പെടുത്തിയ മഹാമനസ്കനായ മഹാകവിതന്നെയായിരുന്നു.

പ്രേമംനിറഞ്ഞ ഒന്നായിരുന്നു ഉള്ളൂരിന്റെ ജീവിതം. കൈരളീപ്രേമം, സഹൃദയപ്രേമം, മനുഷ്യമാത്രത്തോടുള്ള പ്രേമം. അദ്ദേഹത്തിന്റെ ഭാഷയിൽതന്നെ പറയുന്നതായാൽ,

"ഒരൊററ മതമുണ്ടുലകിന്നുയിരാം പ്രേമമതൊ-
[ന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവ്വണശശിബിംബം."

അകാരണവും നിഷ്കാമനിർമ്മലവുമായ ആ പ്രേമം അദ്ദേഹത്തിന്റെ ചരമത്തോടുകൂടി നിരാധാരമായിത്തീർന്നുവെന്നോ പറയേണ്ടു!

കേരളത്തെ സീമാതീതമായ കദനജലധിയിൽ തള്ളിവിട്ടുകൊണ്ട് ലോകാന്തരപാന്ഥനായിത്തീർന്ന ഈ മഹാത്മാവിന്നു നിത്യശാന്തിയുണ്ടാവട്ടേ എന്നു ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

—:o:—

എന്റെ വിദ്യാഭ്യാസജീവിതം കഴിഞ്ഞു ഞാൻ തൃശ്ശൂർ താമസമാക്കിയകാലം- 1112-ലാണെന്ന് തോന്നുന്നു, ഹരിഹരോപാദ്ധ്യായന്റെ ഭർത്തൃഹരിനിർവ്വേദം എന്ന സംസ്കൃത നാടകത്തിന്റെ വിവർത്തനം നിർവ്വേദത്തിൽ നിന്ന് വൈരാഗ്യത്തിലേക്ക് എന്ന പേരിൽ ഞാൻ എഴുതി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ശ്രീ. ഉള്ളൂരിന്റെ പിംഗളയിലെ

"ഉച്ചിയിൽ തപാവസ്ഥാബാധത്തിന്നേവർക്കും
നിർവ്വേദംപോലേതു വേറേവേദം"

എന്ന ഈരടി ഞാൻ എന്റെ ആ ആദ്യകൃതിയുടെ ആരംഭത്തിൽ മുദ്രാവാക്യമായി ചേർത്തിട്ടുണ്ട്. ആ ഗ്രന്ഥം അദ്ദേഹത്തിന്നയച്ചുകൊടുത്തതോടുകൂടിയാണ് ഞാനും അദ്ദേഹവും പരസ്പരം കത്തുകൾമുഖേന പരിചിതരായതും, മുറയ്ക്കു് ലേഖപ്രതിലേഖങ്ങൾ അയക്കാൻ തുടങ്ങിയതും. ഞാൻ അയച്ചിരുന്ന പുസ്തകങ്ങളെപ്പററി അദ്ദേഹം സാമാന്യം നല്ല അഭിപ്രായങ്ങൾ എഴുതി അയച്ചിരുന്നുവെങ്കിലും സ്ഖലിതങ്ങൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അന്ന് ഹരിഹരോപാദ്ധ്യായനെപ്പററിയും അദ്ദേഹത്തിന്റെ കൃതികളെപ്പററിയും എനിക്കജ്ഞാതങ്ങളായ എത്രയെത്ര വിഷയങ്ങളാണ് മഹാകവി എഴുതിയയച്ചതെന്നോ? ആര് കത്തയച്ചാലും അതിന്ന് ഉടനെ മറുപടിയയക്കുക എന്നതു് അദ്ദേഹത്തിന്റെ ജീവിതവ്രതമായിരുന്നു.

ഞാൻ ട്യൂട്ടോറിയൽ കോളേജിൽ ജോലിനോക്കിക്കൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിന്റെ താരാഹാരം, ഹൃദയകൌമുദി, പിംഗള മുതലായ പല കൃതികളും എനിയ്ക്കു് കോളേജ് വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടതായിവന്നു. അന്നുമുതൽ എനിയ്ക്കു് നേരിട്ടിരുന്ന എല്ലാ സന്ദേഹങ്ങളെയും അദ്ദേഹമാണ് തീർത്തുതന്നിരുന്നതു്. അക്കാലത്തു് ഉള്ളൂരിന്റെ താരഹാരം പഠിപ്പിക്കേണ്ടിവന്ന ഒരു കോളേജ് പ്രൊഫസർ കാകോദരം എന്നവാക്കിന്ന് കാക്കയുടെവയറ് എന്നർത്ഥം പറഞ്ഞുകൊടുക്കുകയുണ്ടായി എന്നസംഗതി അധികംപേരും അറിഞ്ഞിരിക്കാനിടയില്ല. മഹാകവി ഉള്ളൂർ പല സന്ദർഭങ്ങളിലും എനിയ്ക്കു് സാഹിത്യപരമായുംമററുമുള്ള വിവിധങ്ങളായ ഉപദേശങ്ങൾ തന്നിട്ടുള്ളതു ഞാനിന്നും കൃതജ്ഞതാപുരസ്സരം സ്മരിച്ചുകൊള്ളുന്നു. അങ്ങിനെ മഹാകവി ഉള്ളൂർ എന്റെ ഗുരുദേവനായി.

ഞാൻ ഒരു കൊച്ചുവിദ്യാർത്ഥിയായിരിക്കുമ്പോൾ ശ്രീ. ഉള്ളൂരിനെ ഒരു നോക്കുകണ്ടു. പിന്നീട് വിദ്യാഭ്യാസജീവിതാനന്തരം എട്ടുപത്തുകൊല്ലത്തോളംകാലം അദ്ദേഹവുമായി എഴുത്തുകുത്തുകൾ നടത്തി സ്നേഹവും പരിചയവും സമ്പാദിച്ചു. ആരുടെ ഗ്രന്ഥതല്ലജങ്ങളുടെ അനവരതപാരായണത്താലും ഉദാത്തങ്ങളായ ഉപദേശങ്ങളാലും ഞാൻ കൂടുതൽ വിജ്ഞാനമാർജ്ജിച്ചുവോ ആ മഹാകവിയെ ഞാൻ ഗുരുദേവനായി വരിച്ചു. അദ്ദേഹവുമായുള്ള അഭിമുഖസന്ദർശനത്തിന്നും അഭിമുഖസംഭാഷണത്തിന്നും എന്റെ ഹൃദയം കൊതിപൂണ്ടു.

എറണാകുളം മഹാരാജാസ് കോളേജിൽ കൂടിയ പരിഷത്സമ്മേളനത്തിൽ വെച്ചാണ് ഞാൻ പ്രഥമമായി എന്റെ ഗുരുദേവനുമായി അഭിമുഖസംഭാഷണം നടത്തിയതു്. സമ്മേളനം നടന്നുകൊണ്ടിരിക്കെ, ഒരൊഴിഞ്ഞമൂലയിൽ ചെന്നിരുന്ന അദ്ദേഹം എന്നോടുകൂടി നടത്തിയ സംഭാഷണം സീമാതീതമായ വാത്സല്യത്തിന്റെ പ്രകടനമാണെന്നോർത്തു എന്റെ അഭിമാനം പുളകിതമാവുകയാണ്. പണ്ഡിതവരേണ്യനും കവിസാർവ്വഭൗമനുമായ അദ്ദേഹമെവിടെ? അല്പജ്ഞനും എന്തോ ചില വരികൾ കുത്തിക്കുറിക്കുന്നവനുമായ ഞാനെവിടെ? പിന്നീട് ചങ്ങനാശ്ശേരിനടന്ന സാഹിത്യപരിഷത്തിൽവെച്ചാണ് എനിയ്ക്കു് മഹാകവിയെ കാണാനും അദ്ദേഹത്തിന്റെ ഭാഷണാമൃതം ആസ്വദിക്കാനും ഭാഗ്യം സിദ്ധിച്ചതു്. സാഹിത്യസേവനം ജീവിതവ്രതമായി കരുതിയ മഹാകവി എന്തെങ്കിലും വരികൾ കുത്തിക്കുറിക്കുന്ന ഒരു കൈരളീദാസനോടുപോലും കാണിക്കുന്ന വാത്സല്യം എത്രമാത്രമാണെന്നു അദ്ദേഹവുമായി പരിചയപ്പെട്ടിട്ടുള്ളവരോടു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

നാലഞ്ചുകൊല്ലം മുമ്പാണല്ലോ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി മഹാകവി ഉള്ളൂരിന്റെ പിംഗളയെപ്പററി ഖണ്ഡനരൂപമായ ഒരു നിരൂപണം മംഗളോദയം മാസികയിൽ എഴുതി പ്രസിദ്ധപ്പെടുത്തിയതു്. അതിനെത്തുടർന്ന് പ്രസിദ്ധീകൃതമായ ശ്രീ. മുണ്ടശ്ശേരിയുടെ മാററൊലി എന്ന നിരൂപണഗ്രന്ഥത്തിനെതിരായി ഞാനും "നടുവിലമഠ"വുംകൂടിഎഴുതി മററൊലി എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതു് അനുവാചകന്മാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ആ നിരൂപകൻ ഉള്ളൂർക്കവിതയുടെമേൽ ചളിവാരിയെറ്റി

ഞ്ഞപ്പോൾ, മററുപലരേയുംപോലെ എനിക്കും അതും നോക്കി നിൽക്കാൻ കഴിഞ്ഞില്ലഎന്നുമാത്രം. മാററാലി പ്രസിദ്ധപ്പെടുത്താൻപോകുന്നവിവരം ഞാൻ മഹാകവിയെഅറിയിച്ചപ്പോൾ അദ്ദേഹം എനിക്കെഴുതിയയച്ചതു ഇങ്ങിനെയാണ്. "എൻെറ കവിതകളെപ്പററി ആരെങ്കിലും എന്തെങ്കിലും എഴുതിക്കൊള്ളട്ടെ. അവയിൽ വല്ല കാമ്പുമുണ്ടെങ്കിൽ ലോകം അവയെ ആദരിക്കാതിരിക്കയില്ല പിന്നെ എന്തിനാണ് നിങ്ങൾ ആ നിരൂപണത്തിന്ന് ഖണ്ഡനം എഴുതുന്നതു്".

ഗുരുദേവൻെറ ക്ഷണമനുസരിച്ച് 1120-ൽ തിരുവനന്തപുരത്തു ജഗതിയിലുള്ള വസതിയിൽ ചെന്നു ഞാൻ അദ്ദേഹത്തെക്കാണുകയുണ്ടായി, എന്നതു് ഞാൻ എൻെറ ജീവിതത്തിലെ ഒരു പ്രധാന സംഭവമായിട്ടാണ് കരുതുന്നതു്. ഉച്ചയ്ക്ക്ശേഷം ഏതാണ്ടു് ഒരു മൂന്നുമണിസമയത്താണ് ഞാൻ സിംഹദ്വാരപ്രതിമാങ്കിതദ്വാരമായ അദ്ദേഹത്തിൻെറ വസതിയിൽ പ്രവേശിച്ചതു്. ഭാഷാദേവീസമാരാധനം നടത്തുന്ന എൻെറ ഗുരുദേവൻെറ സാഹിത്യക്ഷേത്രത്തിൽ ഞാൻ ഭക്തിയോടുകൂടി കടന്നുചെന്നു കോലായിൽ ചുമരിന്നരികിൽവെച്ച ഉപധാനത്തിൽചാരി വിരിപ്പിലിരുന്നു എന്തോപുസ്തകം സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുന്നതായിട്ടാണ് മഹാകവിയെക്കണ്ടതു്. പകുതിയെഴുതിയ നോട്ടുപുസ്തകവും പേനയും മുമ്പിലൊരുപെട്ടിയുടെമേൽകിടന്നിരുന്നു. നിവർത്തിയ അനേകംപുസ്തകങ്ങൾഓരോ ഭാഗങ്ങളിൽ അടയാളപ്പെടുത്തി മുമ്പിൽ അങ്ങിങ്ങായി ചിന്നിച്ചിതറി കിടപ്പുണ്ടായിരുന്നു. ഞാൻമുമ്പിൽചെന്ന് സഭക്തികം തൊഴുതപ്പോൾ അദ്ദേഹം പുഞ്ചിരിതൂകി, കുശലപ്രശ്നംചെയ്തു എന്നെ അകത്തേക്കുകൂട്ടിക്കൊണ്ടുപോയി. ഇരിക്കാൻ പറഞ്ഞിട്ടും അവിടെനില്ക്കുകമാത്രംചെയ്ത എന്നെ അദ്ദേഹം അടുത്തുകിടക്കുന്ന കസേരയിൽ പിടിച്ചിരുത്തുകയും കൈത്തണ്ട എൻെറ ചുമലിൽവെച്ചു സംഭാഷണമാരംഭിക്കുകയുംചെയ്തു. ഞാനവിടെ ഇരുന്നുവെങ്കിലും എൻെറഇരിപ്പ് ഉറച്ചിരുന്നില്ല എന്തൊരസ്വസ്ഥതയോടുകൂടിയാണ് തെല്ലിട അങ്ങനെ കഴിച്ചുകൂട്ടിയതെന്ന് എനിയ്ക്കുമാത്രമെ അറിഞ്ഞുകൂടു. ഗുരുദേവൻെറ സീമാതീതമായ വാത്സല്യരസത്തിൽ ഞാൻ വീർപ്പുമുട്ടിപ്പോയി എന്നുതന്നെ പറയട്ടെ. ആരായാലുംവേണ്ടില്ല, നാലക്ഷരം കുത്തിക്കുറിച്ചാൽമതി, എന്തെങ്കിലുംകവിതകൾ എഴുതിയാൽമതി, അദ്ദേഹത്തിൻെറ വാത്സല്യത്തിന്നു ഭാജനമാവാൻ. ഏതെങ്കിലും മാസികകളിൽ രണ്ടോ നാലോ കവിതയെഴുതി പ്രസിദ്ധപ്പെടുത്തിയ ഒരുവൻെറ നാമധേയവും അദ്ദേഹത്തിന്നു സുപരിചിതമായിരിക്കും. ഇവയെല്ലാം അദ്ദേഹത്തിന്നു സാഹിതിയോടുള്ള ഭക്തിയുടെ പ്രകടനങ്ങളാണ്. അല്ലെങ്കിൽ ആ മഹാനുഭാവനെവിടെ? ഈ നിസ്സാരനെവിടെ?

അന്നു മഹാകവി സാഹിത്യസംബന്ധികളായ പല ചരിത്രങ്ങളെപ്പററിയും എന്നോടു സംസാരിച്ചു സാഹിത്യവിഷയകങ്ങളായ പല ഉപദേശങ്ങളും തന്നു. അന്നും അദ്ദേഹം ഭാഷാസാഹിത്യചരിത്രം എഴുതിക്കൊണ്ടിരിക്കയായിരുന്നു. പത്തിരുപത്തഞ്ചിലധികം വലിയ ബൌണ്ടുബുക്കുകൾ എഴുതി അടക്കിവെച്ചിരുന്നതു് ഞാൻ കാണുകയുണ്ടായി. അന്നദ്ദേഹംപറഞ്ഞു, എൻെറ 'ജീവിതത്തിൽ ഇതു് മുഴുമിക്കണമെന്നു എനിക്കു് ആശയുണ്ടു്' എന്നു്. ഗുരുദേവൻെറ ആ ആഗ്രഹം സഫലമാകുകതന്നെചെയ്തു എന്നു പറയേണ്ടതില്ലല്ലോ.

മഹാകവി ഉള്ളൂർ അദ്ദേഹത്തിൻെറ ലൈബ്രറി എനിക്കുകാണിച്ചുതന്നു. ഒരു വ്യക്തിയുടെകയ്യിൽ ഇത്രവളരെപുസ്തകങ്ങൾ ഉള്ളതായിട്ടു അതിന്നുമുമ്പ് ഞാൻ മനസ്സിലാക്കിയിരുന്നില്ല. വലിയ ഒരു ഹാളിൽ പുസ്തകങ്ങൾ അടക്കിവെച്ച അലമാരികൾ നിരത്തിവെച്ചിരുന്നു. മലയാളം, സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് എന്നീഭാഷകളിലുള്ള നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ ലൈബ്രറിയിൽ ഞാൻ കാണുകയുണ്ടായി. അന്നത്തെ സന്ദർശനത്തിന്നുശേഷം, അന്നു യാത്ര പറഞ്ഞു പിരിഞ്ഞതിന്നുശേഷം, വീണ്ടും അദ്ദേഹത്തെ കാണുവാനുള്ളഭാഗ്യം എനിയ്ക്കുണ്ടായില്ല.

ഗുരുദേവൻഅയച്ച എല്ലാകത്തുകളും ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ടു്. കാരണം, അവയിലധികവും എൻെറ സംശയങ്ങൾക്കറുതിവരുത്തിയ വിജ്ഞാനശേവധികളാണ്. മററുള്ളവ എന്നിലുള്ള വാത്സല്യരസത്തിൻെറ പ്രസ്പഷ്ടപ്രകടനങ്ങളാണ്. ഞാൻ പട്ടാമ്പി സംസ്കൃതകോളേജിൽ ഒരു വിദ്യാർത്ഥിയായിരുന്ന കാലത്താണ്, ആദ്യമായി ശ്രീ. ഉള്ളൂരിൻെറ കയ്യക്ഷരം കാണുവാനിടയായതു്. അന്നദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പിംഗള സ്വന്തം കയ്യക്ഷരത്തിലെഴുതിയ കത്തോടുകൂടി ഗ്രന്ഥനാഥനു (പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മ) അയക്കുകയുണ്ടായി. അതു വളരെവിഷമിച്ചിട്ടാണ് ആ കത്തൊന്നു ഞാൻ വായിച്ചുതീർത്തതു്. പിന്നീട് മഹാകവിയുടെ സ്നേഹത്തിന്നു പാത്രമായതിന്നുശേഷം ഇടക്കിടയ്ക്കു കത്തുകൾ അയച്ചുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിൻെറ കയ്യക്ഷരംവായിക്കുന്നതിന്നുള്ള കഴിവു ഞാൻ അനായാസേന സമ്പാദിച്ചു.

# കരയുക! കരയുക!

—നതോന്നത—

(ശ്രീ. കെ. കെ. കറുപ്പ്, കട്ടമത്ത്.)

കരയുക! കരയുക! കരയുകെന്നിയേ മററെ-
ന്തൊരുഗതിയെൻകൈരളി! നിനക്കിന്നയ്യോ!
കരകാണാത്തഴലാഴിനടുവിലിട്ടഹോ! നമ്മെ-
ക്കരയിക്കാനായിപ്പോയി, കഠിന, "ഉള്ളൂർ"!
വടിവിലാസ്സനാതനധർമ്മത്തിൻെറ നൽത്താവളം
അടിമക്കാസ്വതന്ത്രതാമണിപ്പൂങ്കുളം
വിമതക്ക് വിഷജ്വാലവിളയുന്ന ചെന്തീനാളം
സുമതക്കുത്തമത്യാഗസുഖസങ്കേതം
തപിട്ടിയന്നസുപൌരസ്ത്യ ശാസ്ത്രാബ്ധിയിൽ
ക്കളിച്ചോളം
വെട്ടംവൻഭാവനയുടെ തനിക്കമ്പോളം
ഉരുതരസത്യത്തിൻെറപൊരുളുതുംപാഞ്ചജ
ന്യം
സുരുചിരവാസനതൻ നുതപ്പൂപ്പന്തൽ
സകലവുമൊന്നായിന്നുമണ്ണടിഞ്ഞുകഴിഞ്ഞല്ലോ!
നികത്താനാരുണ്ടാനഷ്ടം നിനക്കുഭാഷേ!
ഹരി!ഹരി!സാഹിത്യത്തിൻമണിവീണാ
മൂകപ്രാണം
പെരിയൊരിപ്പാണ്ഡിത്യസിംഹോച്ചഗർജ്ജനം
നിരുപമഭാരതസംസ്കാരത്തിൻെറമഹാമഹാനം
നെറിവററമതദ്വേഷനാശനസ്ഥാനം
ചേതോഹരമഹിംസതന്നുപദാനസുവിതാനം
ഗീതോപനിഷദ്രഹസ്യശ്രീസംവിധാനം
പറയനുംമറയോനും സഹജരെന്നഭിമാന-
മുറവാന്നഹൃദയത്തിൻ മഹാസ്പാലനം
സരസമാപ്പൊൻതൂലികാഞ്ചലത്തിൻെറ
സഞ്ചാലനം
സിരതോറുമമൃതൂട്ടും ശ്രീരസായനം
ഇനിയാരാണെൻകൈരളി! നമുക്കിങ്ങുസം-
തൃപ്തിതൻ
തനിമധുവൂറും കൃതിതീർത്തുതീർക്കാൻ?
അടിതെററിക്കാലത്തിൻെറ എഴു
പത്തിരണ്ടാംകോണി-
പ്പടിവിട്ടുവീണാനാദം നിലച്ചുപോയി!
ഹര! ഹര! മാററൊലിമാത്രൈകകഥാ
വശേഷമായ്!
സ്മരണതൻ ചുരുളിങ്കലതീവകഷ്ടം!
പ്രകൃതിതൻതിരമാലക്കലവികളിലന്നാദ-
ത്തകൃതിപോയ്ലയിച്ചു, നാംഹതഭാഗ്യരായ്!
മതിയായോമാതൃഭാഷേ! തവനവസുമാധുരി
യതിത്തിട്ടുള്ളൂരിൻെറ കാവ്യപ്പൂമാരി
'അതിയായേലേതുംചെടിപ്പ്'താമാവാക്യമെപ്പോ
പതിരാണാഗ്ഗുരുവിങ്കൽ,നിരാശർനമ്മൾ! [ഴം
പൃഥുഭവക്കടൽനടുസ്സമത്വാസ്തിക്യത്തിൽ-
ത്തന്നെ
മിഥ്യമാസാമ്യഭിന്നം സ്വന്തനൌകയാക്കി
സദസദ്വിവേകമാകും തുഴയാലേതുഴഞ്ഞുസൽ-
പ്പദ പാരംഗതനായി, മഹാത്മാവുള്ളൂർ!
കരയുക! കരയുക! കരയുകയെന്നിയേ മററെ-
ന്തൊരുഗതിയെൻകൈരളി! നിനക്കിന്നയ്യോ!

---

മഹാകവിയുമായുള്ള ബന്ധത്തിൽ എൻെറ ചില അനുഭൂതികളെ വായനക്കാരുടെമുമ്പിൽ സമർപ്പിക്കുകമാത്രമാണ് ഞാൻ ഈ ലേഖനത്തിൽ ചെയ്തിട്ടുള്ളത്. അല്ലാതെ അദ്ദേഹത്തിൻെറ മഹത്വത്തെയോ കവിത്വത്തേയോ ഞാനിതിൽ അളന്നുനോക്കാൻ പരിശ്രമിച്ചിട്ടില്ല. എൻെറചില അനുഭൂതികളുടെ വെളിച്ചത്തിൽ അദ്ദേഹത്തിൻെറ വ്യക്തിപരമായ മാഹാത്മ്യത്തിൻെറ ചില വശങ്ങൾ വ്യക്തമായിത്തീർന്നിട്ടുണ്ടാവാം എന്നുമാത്രം. മലയാളഭാഷയ്ക്ക് എന്നെന്നും അവിസ്മരണീയനായ ആ മൺമറഞ്ഞ മഹാകവിയുടെ— എൻെറ ഗുരുദേവൻെറ— പവിത്രസ്മരണയ്ക്കുമുമ്പിൽ എൻെറ ഭക്തിസാന്ദ്രമായ കൂപ്പുകൈ!

# ദിവംഗതനായ മഹാകവി.

—!—!—

## എന്റെ അനുശോചനവും അനുസ്മരണവും.

(ഡോക്ടർ, കോയത്തു് കൊച്ചുണ്ണിമേനോൻ.)

1124 മിഥുനം 1-ാംനു- എല്ലാവൎക്കും തിരുവോണമായിരുന്നാലും കൈരളിക്കു കാളരാത്രിയായിരുന്നു. അന്നത്തെ പഞ്ചമിച്ചന്ദ്രനും പശ്ചാകലനായിട്ടാണു കാണപ്പെട്ടതു്. അന്നു ഇട്ടിക്കകാൎക്കു അതിന്റെ കാരണം മനസ്സിലായിരുന്നില്ല. അന്നാണു ഭാഷാകവിനഭോമണ്ഡലത്തിലെ പഞ്ചമിച്ചന്ദ്രനായ ഉള്ളൂർ അസ്തമിച്ചതു്. സമാനവൃത്തന്മാരിൽ സഹതാപം സാധാരണമാണല്ലൊ. അന്നത്തെ പഞ്ചമിച്ചന്ദ്രന്റെ മങ്ങലിന്നുകാരണം അതായിരുന്നു.

നമ്മുടെ ഭാഷയെ സംബന്ധിച്ചേടത്തോളം അരനൂറ്റാണ്ടോളം അനവരതം അത്യന്തപരിശ്രമംചെയ്തു് ആവശ്യംപോലെയുള്ള പോഷകവസ്തുക്കൾ നല്കിയും, കാലാനുകൂലമായ അലങ്കാരങ്ങൾ അണിയിച്ചും, ആരോഗ്യവും അഴകും ഓജസ്സും ക്രമേണ വൎദ്ധിപ്പിച്ചും യഥാൎത്ഥകാമുകന്റെ നിലയിൽ ആ മനസ്വിനിയെ താലോലിച്ച സുപ്രസിദ്ധസാഹിത്യകാരൻ മററാരാനുമാണോ എന്നു സംശയിക്കേണ്ടതില്ല. ഈ മഹാശയൻ കാലക്രമേണ കൈരളീദാസനെന്നുമട്ടായി. കിരാതസ്ത്രീകളെപ്പോലെ കന്നിക്കുരുമാലയും കുരുത്തോലയും ഓലക്കാപ്പും ധരിച്ചുനടന്നിരുന്ന ബാല്യദശപോയി, കല്ലുമാലയും ചെമ്പുമാതിരവുമായിനടന്നിരുന്ന കൌമാരത്തിന്റെ പൂൎവ്വാൎദ്ധവുംപോയി, ഓട്ടുവളയും ഓലക്കുടയും കഴുത്തുമുതൽ കണങ്കാൽവരെ മൂടുപടവുമായുള്ള കൌമാരത്തിന്റെ ഉത്തരാൎദ്ധത്തിൽഎത്തിയ കൈരളി ഒട്ടൊട്ടു കുടചെരിച്ചു മുഖംമറച്ചും അകമ്പടിയോടുകൂടി നടന്നുതുടങ്ങി. ഈ കാലഘട്ടത്തിൽ ഒരു ഒളിനോട്ടത്തിൽ ആ തരുണിയുടെ നൈസൎഗ്ഗികസൌന്ദൎയ്യംതുളുമ്പുന്ന മുഖാരവിന്ദം നമ്മുടെ സ്മൎത്തൃപുരുഷൻ കണ്ടു, ഉടൻ അനുരക്തനാകയുംചെയ്തു. അന്നുമുതൽ ആ ദേവീപാദസേവനത്തിൽ ഏൎപ്പെട്ടു. തൽഫലമായി അദ്ദേഹത്തിന്റെ മദ്ധ്യവയസ്സായപ്പോഴേക്കും അവൾ യൌവനയുക്തയും പരിഷ്കൃതവസ്ത്രാഡംബരയും കനകരത്നാഭരണഭൂഷിതയും ആയി സൎവ്വത്ര സമാരാദ്ധ്യയായ ഒരു ഭാഷാംഗനയായിത്തീൎന്നു. അചിരേണ അവൾ മറെറല്ലാം മാററിവെച്ചാലും വെറും മഞ്ജരികൾമാത്രമായ "പിംഗള"മാലയും "കൎണ്ണഭൂഷണവും" അണിഞ്ഞു നിന്നതന്നെ മനോഹാരിണിയായി ഇന്ത്യയുടെ തെക്കുപടിഞ്ഞാറുള്ള ഒരു അഗണ്യകോടിയിൽ കിടന്നിരുന്ന ആ സാഹിതീദേവി വടക്കു കൈലാസാചലംവരെയും കിഴക്കുപടിഞ്ഞാറു സമുദ്രമേഖലകളെ അതിലംഘിച്ചു വിദൂരരാജ്യങ്ങളിലും ഇതാ ഇപ്പോൾ സ്വൈരസഞ്ചാരം ചെയ്യുന്നവളായിരിക്കുന്നു. തന്നെ ആത്മാൎത്ഥമായി ഇത്ര നീണ്ടകാലം സ്നേഹിച്ചു സേവിച്ച ആ ഭക്തദാസനെ കൈരളി എങ്ങിനെമറക്കും? അദ്ദേഹത്തിന്റെ തിരോധാനം എങ്ങിനെ സഹിക്കും? അന്തദേവീപൂജാരിതന്മാരും അവിടെയ്ക്കു് നേദിച്ച പഞ്ചാമൃതം അനുഭവിച്ചവരുംആയ നാം ആ സങ്കടം എങ്ങിനെപൊറുക്കും. വയ്യേ, വയ്യ!

കവിസാൎവ്വഭൌമബിരുദധാരിയായ ഉള്ളൂർ പരമേശ്വരയ്യരുടെ കവിതാഗുണങ്ങളേയോ പാണ്ഡിത്യത്തെയോപററി പറയേണ്ടസന്ദൎഭം ഇതല്ല. അദ്ദേഹത്തിന്നു ഇനി മററാരുടേയും ഒരു ബഹുമതിപത്രം ആവശ്യവുമില്ല. പോരെങ്കിൽ, ഈ കവിസാൎവ്വഭൌമനെന്നു ലോകപ്രസിദ്ധനായ വള്ളത്തോളിന്റെ അസന്ദിഗ്ദ്ധമായ ആ സൎട്ടിഫിക്കററിൽകവിഞ്ഞു മറെറന്തുവേണ്ടു? വാസ്തവത്തിൽ, സ്വയംപ്രകാശമാനനായ അദ്ദേഹത്തിന്നു അതും ആവശ്യമല്ല. നിത്യസ്മാരകങ്ങളായിനില്ക്കുന്ന അദ്ദേഹത്തിന്റെ മുഖ്യ കൃതികളിൽ ഓരോന്നും ഓരോ യോഗ്യതാപത്രം തന്നെയാണു്.

ഒരാൾ- വേണ്ടപ്പെട്ടൊരാൾ- കൺമറയുമ്പോഴാണല്ലൊ നമ്മുടെഉള്ളിൽ അയാളെപ്പററി ചില സ്മരണകൾ ഉളവാകുന്നതു്. ആ സ്മരണകൾ മാൎവളന്തുമ്പോൾതന്നെ മാധുൎയ്യം ചൊരിയുന്നവയുമാണു്. ഉള്ളൂരിനെ ഞാൻ ആദ്യമായികണ്ടതു 40 കൊല്ലംമുമ്പു ഒരു തൃശ്ശൂർ പൂരത്തുനാൾ "കേരളകല്പദ്രുമ"ത്തിൽവെച്ചു അക്കാലത്തു നടക്കാറുള്ള ഒരുസാഹിത്യസദസ്സിൽ വെച്ചാണു്. അന്നു വിദ്യാൎത്ഥികളായിരുന്ന രണ്ടുമൂന്നുസ്നേഹിതന്മാരും ഞാനും അവിടെ ഹാജരായിരുന്നു. കവിതാരംഗത്തിൽ കാലെടുത്തുകുത്തിയിരുന്ന ഞങ്ങളെ അവിടെവെച്ചു ആരോ അദ്ദേഹത്തിന്നു പരിചയപ്പെടുത്തുകയുണ്ടായിട്ടുണ്ടു്. പിന്നെ ഒരു മുപ്പതു വൎഷങ്ങൾക്കുള്ളിൽ ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടിയി

ട്ടില്ല. ആറുകൂട്ടത്തിൽവെച്ചുണ്ടായ ആ പരിചയം ഞങ്ങൾ മറന്നിട്ടില്ലെങ്കിലും അദ്ദേഹത്തിന്നു ഓൎമ്മയുണ്ടാവാൻ വഴിയില്ല. 1112-ൽ എന്റെ "അന്തല്ലയയസ്മാരകം" അദ്ദേഹത്തിന്നു അഭിപ്രായത്തിന്നയച്ചു. ആ അഭിപ്രായത്തിൽതന്നെ എന്നെ "കവനകൌമുദി"യിൽ കണ്ടിട്ടുള്ള പരിചയമാണ് അദ്ദേഹം സൂചിപ്പിച്ചതു്. ഞാൻ പൂൎവ്വപരിചയം ഓൎമ്മപ്പെടുത്തി പുതുക്കുകയുമുണ്ടായില്ല.

1118ൽ ഞാൻ യുദ്ധസേവനാൎത്ഥം മിലിററി സൎവീസ്സിൽ **T R M D.** ആയി നിയമിതനായി. ബാംഗ്ലൂരിലൊ, പെഷവാറിലൊ പോകേണ്ടിവരികയെന്നു സംശയിച്ചിരുന്ന എനിക്കു ഭാഗ്യത്താൽ തിരുവനന്തപുരത്തു പുതുതായിതുറന്ന റിക്രൂട്ടിങ്ങ് ആഫീസ്സിൽചെന്നു ചാൎജ്ജെടുപ്പാനാണ് കല്പനലഭിച്ചതു്. അവിടെ ഇരിക്കുമ്പോൾ കുററിപ്പുറത്തിന്റെ ഒരു എഴുത്തിൽ ഉള്ളൂരിനെ പരിചയിക്കണമെന്നു നിൎബ്ബന്ധമായി എഴുതിയിരുന്നു. എന്നെപ്പററി കുററിപ്പുറം ഉള്ളൂരിന്നു എഴുതുകയും ചെയ്തിരുന്നു. എന്നാൽ അന്നത്തെ ജോലിത്തിരക്കിനാൽ രണ്ടുമൂന്നുമാസത്തേയ്ക്കു എനിക്കതുസാധിച്ചില്ല. അങ്ങിനെയിരിക്കുമ്പോൾ അല്പം ഒഴിവുകിട്ടിയ ഒരു ഞായറാഴ്ച വൈകുന്നേരം "ജഗതി"യിൽ അദ്ദേഹത്തിന്റെ വസതിയായ 'ശാരദാനികേതന'ത്തിൽചെന്നു എന്റെ വിസിററിങ്ങ്കാർഡ് (Visiting Card) കൊടുത്തു. ഉടനെ അദ്ദേഹംവന്നു എന്നേയും കൂടെയുണ്ടായിരുന്ന എന്റെ മകനേയും അകത്തേയ്ക്കു ക്ഷണിച്ചുകൊണ്ടുപോയി ഒരു മുറിയിൽഇരുത്തി ഉടൻ അവിടുന്നുപോയി, അഞ്ചുമിനിട്ടിന്നുള്ളിൽ അദ്ദേഹം ഒരു അലക്കിയ മുണ്ടുടുത്തു കോട്ടിട്ടുകഴുത്തിൽക്കൂടി ഒരു അംഗവസ്ത്രവും മുൻഭാഗത്തേക്കുതൂക്കി വീണ്ടും ആഗതനായി അഭിമുഖമായിട്ടിരുന്ന ഒരു കസാലയിൽ ഇരുന്നു കുശലപ്രശ്നം തുടങ്ങി. ആ വേഷപ്പകൎച്ച എനിക്കാദ്യം കുറെ ഹാസ്യകരമായിട്ടാണ് തോന്നിയതു്. അതു മാന്യാതിഥികളെ സല്ക്കരിക്കുന്ന തിരുവിതാംകൂറിലെ ഒരു നാട്ടുനടപ്പാണെന്നുള്ള വസ്തുത പിന്നീടു വളരെദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് മനസ്സിലായതു്. അടുത്തുനടന്ന കുററിപ്പുറത്തിന്റെ ഷഷ്ടിപൂൎത്തിയെപ്പററി എഴുതിയയച്ച എന്റെ 'മംഗളാശംസ'യുടെ ഒരു അച്ചടിപ്രതി അദ്ദേഹത്തിന്നു കാഴ്ചവെച്ചു. അതുവായിച്ചു വളരെസന്തോഷിച്ച അദ്ദേഹം "ഡോക്ടർ ഇതിൽ കേശവൻനായരെപ്പററി പറഞ്ഞിരിക്കുന്നതു അക്ഷരംപ്രതി വാസ്തവമാണെ"ന്നു പറഞ്ഞു പിന്നെ ആ വിഷയത്തിലേക്കു തിരിച്ചു സംഭാഷണം. വേറെയും ഇട്ടിക്കലുള്ള പല കവികളെപ്പററിയും സാഹിത്യകാരന്മാരെപ്പററിയും സംസാരിച്ചു. എന്നാൽ കേശവൻനായരെപ്പററിയും അദ്ദേഹത്തിന്റെ കവിതയെപ്പററിയുമുള്ള സ്മൎയ്യപുരുഷന്റെ ആദരവും ബഹുമാനവും ഒന്നു വേറെത്തന്നെയായിരുന്നു. അന്നു അധഃപതിച്ചുതുടങ്ങിയ കവിതാപ്രസ്ഥാനങ്ങളെപ്പററിയും അദ്ദേഹം സവ്യസനം സംസാരിക്കയുണ്ടായി. ഇനി കൂടക്കൂടെ കാണണമെന്നും അങ്ങിനെആവാമെന്നും പറഞ്ഞു ഞങ്ങൾ പിരിഞ്ഞു. പക്ഷെ അതുകൊണ്ടായില്ല.

നാലഞ്ചുവൎഷം പിന്നെയും മൌനമായികഴിഞ്ഞു. 1122ൽ എന്റെ "കുമാരസംഭവഹൃദയം" 5-ാംസൎഗ്ഗത്തിന്റെ തൎജ്ജമയുടെ കയ്യെഴുത്തുകോപ്പി അദ്ദേഹത്തിന്നു അഭിപ്രായത്തിന്നയച്ചു. അന്നു 3-ാംസൎഗ്ഗം തൎജ്ജമചെയ്തിരുന്നില്ല. ഭാവപ്രകാശിക അയച്ചിരുന്നുമില്ല. വൈദ്യവിധിപ്രകാരമുള്ള വിശ്രമകാലംകഴിഞ്ഞാൽ അതുനോക്കി അഭിപ്രായം എഴുതിഅയക്കാമെന്നമറുപടിയിൽതന്നെ എന്നെ ചില കാൎയ്യങ്ങൾക്കു ചുമതലപ്പെടുത്തിയിരുന്നു. അതു അദ്ദേഹം അന്നുഎഴുതിവന്നിരുന്ന "കേരളസാഹിത്യചരിത്ര"ത്തിലേക്കു പരേതന്മാരായ ചില സാഹിത്യകാരന്മാരെപ്പററിയുള്ള പൂൎണ്ണവിവരങ്ങൾ ശേഖരിച്ചുകൊടുക്കേണമെന്നായിരുന്നു. കാരാട്ടു അച്യുതമേനോൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, ഏടമന കൃഷ്ണനെമ്പ്രാന്തിരി, കണ്ടൂർ നാരായണമേനോൻ, ടി. സി. അച്യുതമേനോൻ, എം. ആർ കെ സി. (സി. കുഞ്ഞിരാമൻ മേനോൻ) എന്നിവരെപ്പററിയുള്ള വിവരങ്ങളാണു അദ്ദേഹം ആവശ്യപ്പെട്ടിരുന്നതു്. ഈ അഞ്ചാറാളുകളുടെ ചരിത്രാംശങ്ങൾ സമ്പാദിപ്പാൻ എനിക്കുണ്ടായിട്ടുള്ള ക്ലേശങ്ങൾ അനിൎവ്വചനീയമെന്നേ പറയേണ്ടു. ആ സ്ഥിതിക്കു അനവധി സാഹിത്യതാരങ്ങളടങ്ങിയ ഒരു വിപുലഗ്രന്ഥം എഴുതിത്തീൎക്കാൻ അദ്ദേഹത്തിന്നു നേരിടേണ്ടിവന്നിട്ടുള്ള കാലതാമസവും പ്രതിബന്ധങ്ങളും ക്ലേശങ്ങളും എത്രയെന്നു ഊഹിച്ചെടുക്കുകപോലുംവയ്യ. എന്നെഏല്പിച്ചകാൎയ്യങ്ങളെല്ലാം നിറവേററിയതോടുകൂടി അദ്ദേഹത്തിന്റെ 'അഭിപ്രായ'വും വന്നുചേൎന്നു. രണ്ടുനാലുമാസങ്ങൾക്കിടയ്ക്കു കുമാരസംഭവത്തെപ്പററിയും മേല്പറഞ്ഞ സാഹിത്യകാരന്മാരെപ്പ

# മഹാകവി അമരനായി.

(വിദ്വാൻ, ശ്രീ ടി. കെ. രാമൻമേനോൻ, ചിററൂർ)

മരിച്ചില്ലമരനായ് ഭവിച്ചു മഹാകവി
മരിപ്പും പിറപ്പുമാ രസസിദ്ധന്മാർക്കുണ്ടോ!
ഉള്ളൂരുംനഗരവുമൊന്നപോൽ സാഹിത്യത്തിൻ-
കൊള്ളലുംകൊടുക്കലുമെത്രമാത്രം വർദ്ധിപ്പിച്ചു!
ആരുടെപാണ്ഡിത്യവും പ്രജ്ഞയുമഭ്യാസവും
കൈരളീകണ്ഠത്തിന്നു നവീനഹാരങ്ങളായ്,
വശ്യയായ് സ്വയമേതുമഹാനു വാഗ്ദേവത;
വിശ്വമോഹിനിയായ, താരുടെ കാവ്യാംഗന;
ഏതൊന്നിൽപ്പതിനെട്ടുമാറുംചേർന്നുററിടുന്നു
മോദവിജ്ഞാനത്തെളിനീരുളവാക്കീടുവാൻ;
ആ വിധമഹാകാവ്യഗംഗയ്ക്കു ഹിമാചല-
മാവതിന്നേതുഭവ്യന്നുണ്ടായി ഭാഗധേയം;
ഏതൊരുമഹാത്മാവിൻനേട്ടങ്ങൾസാഹിതിക്ക-
ഭൂതപൂർവ്വമല്ലാതുള്ളൈശ്വര്യവസ്തുക്കളായ്.

ആ മഹാത്യാഗി ദീർഘവിശ്രമം നുകരുമ്പോൾ
നാമശ്രു, സ്വാർത്ഥമൂലം പൊഴിപ്പൂ കണ്ണീർക്കണം
കേവലം "മഞ്ജുള്ളി" തന്നിലും, തന്നെക്കാട്ടി-
മേവുന്നകവീന്ദ്രനെ—അന്യാദൃശനെയോർത്തു
കരയുന്നല്ലോനമ്മൾ കഷ്ടമററവരായി-
ക്കാണീയത്തെക്കാണാൻകണ്ണുകളില്ലാത്തവർ!
ആ മഹാകവികാട്ടിത്തന്നൊരു പന്ഥാവിങ്ക-
ലാമഹാനനാതിത്തന്നോരമൂല്യവൈഖരിയിൽ
ആ മനസ്വിതൻ കമ്രകണ്ഠത്തിൽക്രീഡിനമ്മ-
ളാമട്ടപ്പുരോഗമിച്ചീടുക യഥാതഥം.
പ്രഭാതസ്മരണീയനായൊരാക്കവീന്ദ്രന്റെ
പവിത്രാത്മാവു നിത്യശാന്തിയെപ്രാപിക്കാ-
മരിച്ചില്ലമരനായ് ഭവിച്ചുമഹാകവി [വൃ.
മരിപ്പുംപിറപ്പുമാ രസസിദ്ധന്മാർക്കുണ്ടോ!

---

ററിയും അദ്ദേഹത്തിന്റെ അനവധി എഴുത്തുകൾ ഉണ്ടായിട്ടുണ്ട്. അവ എന്റെ പ്രത്യേകഹസ്തത്തിൽ ഇന്നും സ്ഥാനമുറപ്പിച്ചു നില്ക്കുന്നുമുണ്ട്. ആ കത്തുകളിൽ ചിലതു ആ മഹാകവിയുടെ മനോഗുണങ്ങളേയും ഉദ്ദേശശുദ്ധിയേയും ആദർശങ്ങളേയും ഓരോന്നിനെയും ഓരോരുത്തരേയുംപററിയുള്ള അഭിപ്രായങ്ങളേയും സ്പർശിക്കുന്നവയാകയാൽ, അവയിലെ ചില സാരാംശങ്ങൾ മാത്രം എടുത്തു ഇവിടെ ഉദ്ധരിക്കാത്തതു ലേഖനദൈർഘ്യത്തെ ഭയന്നിട്ടുമാത്രമാകുന്നു.

പണ്ഡിതന്മാർ സാധാരണ പരപ്പുക്കാരും സങ്കുചിതബുദ്ധികളും അസൂയാലുക്കളുമായിട്ടാണു കാണപ്പെടാറുള്ളത്. നമ്മുടെ കഥാപുരുഷനെ ആ വക ദോഷങ്ങൾ തീരെ തീണ്ടിയിട്ടില്ലെന്നു മേൽ ഉദ്ധരിച്ച സംഗതികളിൽനിന്നും സുസ്പഷ്ടമാണല്ലോ. അത്രയുമല്ല, ശുദ്ധാത്മാവായ അദ്ദേഹം ബോദ്ധ്യമുള്ളവരെപ്പററി നല്ലതു നല്ലവണ്ണം പറയുന്നതിൽ സ്വല്പവും പിശുക്കുപിടിക്കില്ലെന്നുകാണാം. അന്ത്യശ്വാസം വലിക്കുന്നതുവരെ സാഹിത്യസേവനം ചെയ്യുകയെന്നുള്ള വ്രതം അദ്ദേഹം നിഷ്ഠയോടെ പരിപാലിച്ചു ഒരുപക്ഷെ, അതുതന്നെയായിരിക്കാം അദ്ദേഹം ഒരു നീണ്ടകാലത്തോളം രോഗശയ്യാവലംബിയായിത്തീർന്നതു്. ഞാൻ രണ്ടുകൊല്ലം മുമ്പു അദ്ദേഹത്തിന്നു കൊടുത്തയച്ച പുസ്തകവുംകൊണ്ടു ചെന്നവരും അദ്ദേഹത്തെ കണ്ടപ്പോഴത്തെ ആ കിടപ്പിനെപ്പററി വർണ്ണിച്ചെഴുതിയ ആ ദീർഘലേഖനം എന്നെ അത്ഭുതപരതന്ത്രനാക്കി. മേലെല്ലാം നീരുവന്നു അനങ്ങാൻപാടില്ലാതെ കിടക്കുമ്പോഴും രണ്ടുമൂന്നുപുസ്തകങ്ങൾ അരികത്തുമലർത്തിവെച്ചു എന്തോ കൈകാര്യം ചെയ്യുകയായിരുന്നുവത്രെ. ഇതു ആർക്കു സാധിക്കും? ആർക്കിതിന്നുമനസ്സുവരും? കൈരളിയെ ഇത്ര താലോലിച്ച ഒരു പണ്ഡിതവര്യനോ മഹാകവിയോ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ഇനിയുണ്ടാവുമെന്നും തോന്നുന്നില്ല. സാഹിത്യാരാമത്തിലെ ആ 'പാരിജാത'ദ്രുമം ഇതാ വാടിവീണു. എന്നാൽ നിത്യരമണീയങ്ങളും സദാസുരഭിലങ്ങളുമായ അതിൽനിന്നു വീണ വാടാമഞ്ജരികൾ അതിൽ എന്നെന്നും പരിമളം വീശിക്കൊണ്ടുതന്നെയിരിക്കും. അദ്ദേഹത്തിന്റെ ആത്മാവിന്നു നിത്യശാന്തിയെ പ്രാർത്ഥിക്കുകയല്ലേ ഇനി നമുക്കു ചെയ്യാനുള്ളൂ!

# മഹാകവിയുടെജീവചരിത്രസംക്ഷേപം.

(ശ്രീമതി എ. ഭാരതിക്കുട്ടി അമ്മ, ബി. എ.)

മഹാകവിയുടെ പൂർവ്വികന്മാരിലൊരാൾ കൊച്ചിനാട്ടിൽ (വടക്കെമലയാളത്തിൽ—ചിറയ്ക്കൽതാലൂക്ക്) നിന്ന് കുടുംബസമേതം പുറപ്പെട്ടു തിരുവിതാംകൂറിലുള്ള ചങ്ങനാശ്ശേരിയിൽ ചെന്നുതാമസമുറപ്പിച്ചിരുന്നുവെന്നാണ് പറയപ്പെടുന്നത്. 1052ഇടവം 25-ാംനു അവിടെവെച്ചു ചരിത്രനായകൻ ഭൂജാതനായി. അച്ഛൻ ശ്രീ. സുബ്രഹ്മണ്യയ്യർ ഒരു വിദ്യാഭ്യാസപ്രവർത്തകനും, പൊതുകാര്യതല്പരനുമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണകാലത്തു അദ്ദേഹം മലയാളം സ്കൂളുകളുടെ ഇൻസ്പെക്ടറായിരുന്നു. ശ്രീ. സുബ്രഹ്മണ്യയ്യർ സംസ്കൃതവ്യുൽപ്പത്തികൂടിയുള്ള ആളായിരുന്നതിനാൽ, അദ്ദേഹംതന്നെയാണ് തന്റെ മകന്റെ പ്രഥമഗുരുനാഥൻ. പിന്നീട് ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ രവിവർമ്മകോയിത്തമ്പുരാന്റെ കീഴിൽ ഏതാണ്ടു പത്തുവയസ്സുവരെ ചരിത്രപുരുഷൻ സംസ്കൃതംപഠിച്ചു. അനന്തരം ചങ്ങനാശ്ശേരി ഇംഗ്ലീഷു ഡിസ്ത്രിക്ട്സ്കൂളിൽചേർന്നു അദ്ദേഹം പഠിപ്പാരംഭിച്ചു. ഏകദേശം 12-ാംവയസ്സായതോടുകൂടി ആ ധിഷണാശാലിയായബാലൻ സ്കൂൾപഠിപ്പിൽ പലമാന്യന്മാരുടേയും പ്രശംസയ്ക്കു പാത്രീഭവിച്ചിരുന്നതിനുപുറമെ "നസ്രാണിദീപിക," "മലയാളമനോരമ" മുതലായ വർത്തമാനപത്രങ്ങളിലേയ്ക്കു പല വർത്തമാനങ്ങളും ലേഖനങ്ങളും എഴുതി അയച്ചുകൊണ്ടിരുന്നു. 13-ാംവയസ്സിൽ പിതാവു ദിവംഗതനായപ്പോൾ, ആ ബാലവിദ്യാർത്ഥിയുടെകുടുംബം തിരുവനന്തപുരത്തുള്ള ഉള്ളൂർഗ്രാമത്തിലേയ്ക്കു മാറിത്താമസമുറപ്പിച്ചു. തിരുവനന്തപുരം ഫോർട്ട്ഹൈസ്കൂളിലാണുപിന്നീട് ഉള്ളൂർ വിദ്യാഭ്യാസം തുടർന്നതു. അന്നുതന്നെ അനിതരസാധാരണമായ കവിതാവാസന പ്രദർശിപ്പിച്ചിരുന്ന ആ ബാലൻ അവിടത്തെ മുൻഷിമാർക്കും പല ഭാഷാഭിമാനികൾക്കും ഒരു കണ്ണിലുണ്ണിയായി.

16-ാംവയസ്സിൽ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി. അന്നു ചരിത്രനായകനു സാമ്പത്തികമായ പല ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവന്നു എങ്കിലും ഉടനെ അദ്ദേഹം കോളേജിൽചേർന്നു പഠിപ്പാരംഭിച്ചു. കോളേജുമലയാളമുൻഷികഴിഞ്ഞുപോയ സുപ്രസിദ്ധസാഹിത്യകാരൻ, ശ്രീ. പി. രാമക്കുറുപ്പ് ("ചക്കീചങ്കരം" നാടകത്തിന്റെ കർത്താവ്) ജൂനിയർക്ലാസ്സുകളിലേയ്ക്കുള്ള മലയാളം ചോദ്യക്കടലാസ്സുകൾ ഉള്ളൂരിനെക്കൊണ്ടു അനന്നാക്കിച്ചു തന്റെ പ്രിയശിഷ്യനെ പ്രത്യേകം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. 1072-ൽ ഉള്ളൂർ ബി. എ. പരീക്ഷ പാസ്സായി

ബി. എ. ബിരുദധാരിയായശേഷം തിരുവനന്തപുരത്തുള്ള ഒരു ഹൈസ്കൂളിൽ ചരിത്രപുരുഷൻ അദ്ധ്യാപകനായി. ഒരുകൊല്ലത്തിനുള്ളിൽ അവിടത്തെ പ്രധാനാദ്ധ്യാപകനുമായി. അന്നു 21വയസ്സുമാത്രം പ്രായമായിരുന്ന നമ്മുടെ ചരിത്രപുരുഷൻ, വഴിയെ താൻ ഉയർന്നുവരണമെന്നുദ്ദേശിച്ചു നിയമപഠനവും നടത്തിവന്നു. 1076-ൽ സെൻസസ്സ്ഡിപ്പാർട്ടുമെണ്ടിൽ ഒരു ക്ലാർക്കായി പ്രവൃത്തിസ്ഥൃഹമായനിലയിൽ നടത്തിവരുന്നതിന്നിടയിൽ ബി. എൽ. പരീക്ഷയിലും ആ യുവാവായ പരമേശ്വരയ്യർ വിജയിയായി. മാത്രമല്ല, വളരെ താമസിയാതെ മലയാളവും, തമിഴും ഐച്ഛികവിഷയങ്ങളായി എടുത്തു മദിരാശി സർവ്വകലാശാലവകയായ എം. എ. പരീക്ഷയിൽ സംസ്ഥാനത്തുവെച്ചു ഒന്നാമനായിപാസ്സായി. 1081-ൽ പരമേശ്വരയ്യർ കൊട്ടാരക്കര തഹശീൽദാർ മജിസ്ത്രേട്ടായി. പിന്നീടു മുൻസിഫ്, നിയമസഭാസിക്രട്ടറി, ദിവാന്റെ(കഴിഞ്ഞുപോയ സർ എം. കൃഷ്ണനായരുടെ)പ്രൈവറ്റുസിക്രട്ടറി, ഹജൂർസിക്രട്ടറി എന്നീനിലയിൽ ക്രമേണ ഉയർന്നുവന്നു 1100-ൽ അദ്ദേഹം കൊല്ലം ഡിവിഷൻ ദിവാൻപേഷ്കാരായി. കുറച്ചുകാലം ലാണ്ടുറവന്യൂകമ്മീഷണറായിരിക്കയുമുണ്ടായിട്ടുണ്ട്. 1107-ൽ ചരിത്രനായകനു 55 വയസ്സുതികയുകയും അതോടുകൂടി അദ്ദേഹം ഉദ്യോഗജീവിതാനന്തരം പെൻഷൻപററിപ്പിരികയുംചെയ്തു.

പലചുമതലപ്പെട്ട ഗവർമ്മെണ്ടുദ്യോഗങ്ങളും വഹിച്ചുവന്ന ആ മഹാശയനെ അക്കാലങ്ങളിൽ ഒരിക്കലും ഉദ്യോഗതിമിരാതീണ്ടുകയുണ്ടായിട്ടില്ല. ജനരഞ്ജനയായിരുന്നു ഉള്ളൂരിന്റെ വ്യക്തിപരമായ പ്രധാനഗുണങ്ങളിൽ വെച്ചു ഏററവും മുന്നണിയിൽ നിന്നിരുന്നതു.

12-ാംവയസ്സുമുതൽ സാഹിതീസമാരാധനാനിരതനായിരുന്ന ഉള്ളൂർ ഉദ്യോഗജീവിതത്തിലും പ്രദർശിപ്പിച്ചിരുന്ന ശ്രദ്ധയും, ഉത്സാഹവും ഏററവും ശ്ലാഘനീയമാണ്. മഹാകവി ഉള്ളൂരിനെ ഒരു ഭാഷാസാഹിത്യനായകനെന്ന നിലയിൽമാത്രം ബഹുമാനിക്കുന്നവർ ആ മാന്യന്റെ ജീവിതത്തിലെ മററു വ

ശങ്ങളെസംബന്ധിച്ചും അഭിനന്ദിക്കേണ്ടതാണെന്നു പ്രസ്തുതമാക്കാനാണ് ഈ സംഗതി പ്രത്യേകം പ്രസ്താവിക്കുന്നതു്

ഹൈസ്കൂൾക്ലാസ്സുകളിൽവെച്ചുതന്നെ കവിതക്കാരനായിത്തീർന്ന പരമേശ്വരയ്യർ കോളേജുക്ലാസ്സുകളിലെത്തിയപ്പോഴേയ്ക്കും പേരെടുത്ത ഒരു സാഹിത്യകാരനായിത്തീർന്നിരുന്നുപോൽ. 'സുജനാനന്ദിനി' 'മലയാളമനോരമ' തുടങ്ങിയ പത്രങ്ങളിൽ അന്ന് അദ്ദേഹം കണക്കിലേറെ ഗദ്യപദ്യലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അക്കാലത്തുതന്നെ "ഷേക്സ്പിയർ കൃതികൾ" പലതും, ചില സംസ്കൃതകൃതികളും ആ വാസനാകവി പരിഭാഷപ്പെടുത്തി യഥാർത്ഥകവികളുടേയും പണ്ഡിതന്മാരുടേയും പ്രശംസയ്ക്കു പാത്രീഭവിച്ചിരുന്നു. മഹാമഹിമ ശ്രീ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, സുപ്രസിദ്ധകവി കൊട്ടാരത്തിൽ ശങ്കുണ്ണി, കണ്ടത്തിൽ വറുഗീസ് മാപ്പിള (മനോരമാപത്രാധിപർ) തുടങ്ങിയ അന്നത്തെ ഒന്നാംകിട സാഹിത്യകാരന്മാർ ഉള്ളൂരിനെ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. തന്മൂലം അന്നുണ്ടായിരുന്ന പല സാഹിത്യസമാജങ്ങളുടേയും ആഭിമുഖ്യത്തിൽ നടന്നിരുന്ന മിക്ക കവിതാപരീക്ഷകളിലും പ്രത്യേകവൈദഗ്ധ്യത്തോടെ നമ്മുടെ ചരിത്രനായകൻ വിജയിയായിട്ടുമുണ്ട്. 1084-ൽ തൃശ്ശിവപേരൂർ ഭാരതവിലാസംസഭയുടെ ആഭിമുഖ്യത്തിൽനടന്ന കവിതാമത്സരപരീക്ഷയിലും ഉള്ളൂർജയിച്ചതു് ഒന്നാമനായിട്ടാണ്. അന്നുതന്നെ ആ ധിഷണാശാലി നല്ലൊരു വാഗ്മികൂടിയായിരുന്നു.

ചരിത്രപുരുഷൻ കഴിഞ്ഞുപോയ സരസകവികളായിരുന്ന കാത്തുള്ളി അച്യുതമേനോൻ, കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, പന്തളത്തു് കേരളവർമ്മതമ്പുരാൻ എന്നിവരോടും, മഹാകവി വള്ളത്തോൾ, പ്രസിദ്ധകവികളായ കുററിപ്പുറത്തു കേശവൻനായർ, നാലപ്പാട്ട് നാരായണമേനോൻ, കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് മുതലായവരോടുംചേർന്നു പല "കൂട്ടകവിത"കളും നിർമ്മിച്ചിട്ടുണ്ട്.

ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ കൈവെച്ചു് അതിലും പ്രശസ്തവിജയം കൈക്കലാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. "പച്ചമലയാള" കൃതികളായ "അമ്മ" "ഒരുനേർച്ച" മുതലായകൃതികൾ അദ്ദേഹത്തിനു ഭാഷയിലുള്ള പദസ്വാധീനശക്തി പ്രസ്പഷ്ടമാക്കുന്നുണ്ടെന്നു പറഞ്ഞുകഴിയു. ചില ഭാഷാചമ്പൂഗ്രന്ഥങ്ങളും ആ മഹാകവി നിർമ്മിക്കാതിരുന്നിട്ടില്ല. കാലംമുന്നോട്ടുപോകുമ്പോൾ കവിതാകാമിനിയുടെ കോലത്തിലും പരിഷ്കാരം വരണമെന്ന നിലയിൽ അദ്ദേഹം ദ്രാവിഡവൃത്തത്തിൽ നിർമ്മിച്ച "പിംഗളയും" "കർണ്ണഭൂഷണ"വും മററും ഭാഷാഖണ്ഡകാവ്യത്തിനു അനശ്വരങ്ങളായ സമ്പാദ്യങ്ങളാണ്.

നമ്മുടെ സ്മൃതിപുരുഷൻ സരസഗംഭീരനായ ഒരു ഗദ്യകാരൻകൂടിയാണ്. "ഗദ്യമാലിക" "വിജ്ഞാനദീപിക" തുടങ്ങിയ ഗദ്യഗ്രന്ഥങ്ങൾ ആ മഹാശയന്റെ ഗദ്യരചനാനൈപുണ്യം സുദൃഢമായനിലയിൽ സുവ്യക്തമാക്കിയിരിക്കുന്നു.

ഏവംവിധങ്ങളായ ഭാഷാസാഹിത്യവ്യവസായങ്ങളിൽ എല്ലാംകൊണ്ടും മുന്നണിയിൽ നിന്നിരുന്ന ആ മാന്യമഹാകവി വളരെക്കാലത്തോളം തുടർച്ചയായി "സമസ്തകേരളസാഹിത്യപരിഷ"ത്തിന്റെ സ്ഥിരാദ്ധ്യക്ഷനായിരുന്നിട്ടുള്ളതോർക്കുമ്പോൾ ഭാഷാസാഹിത്യസാമ്രാജ്യത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം ഏററവും സമുന്നതമാണെന്നു സമ്മതിച്ചേ കഴിയൂ.

മഹാകവിനല്ലൊരു ഗവേഷകനുമാണ്. തന്റെ ഗവേഷണപരമായ സാമർത്ഥ്യം പലസംഗതികളാലും ഉള്ളൂർ ഭാഷാപണ്ഡിതന്മാരുടെ ദൃഷ്ടിക്കു വിഷയീഭവിപ്പിച്ചിട്ടുണ്ട്. ചരിത്രവിഷയത്തിലും നമ്മുടെ സ്മൃതിപുരുഷനുള്ള പ്രസക്തിയും, സാമർത്ഥ്യവും സുവിദിതമാണ്. അദ്ദേഹം ഏകദേശം 10 കൊല്ലംകൊണ്ടാണ് തന്റെ "ഭാഷാസാഹിത്യചരിത്രം" എഴുതി ഒരുവിധം മുഴുമിച്ചിട്ടുള്ളതു്. ആ വിലയേറിയ ഗ്രന്ഥം എക്കാലത്തും അദ്ദേഹത്തിന്റെ പേരിനും, പെരുമയ്ക്കും ഉറച്ച സ്മാരകമാണെന്നു തീർത്തു പറയാം.

ചരിത്രനായകന്റെ സാഹിത്യപരമായ യോഗ്യതയെ പുരസ്കരിച്ചു ലണ്ടനിലെ രാജകീയകലാസംഘം F. R. S. A. എന്നബഹുമാനവും, കൊച്ചി—തിരുവിതാംകൂർ മഹാരാജാക്കന്മാർ അദ്ദേഹത്തിനു വീരശൃംഖലകളും, കവിതിലകൻ, മഹാകവി എന്നീ ബിരുദങ്ങളും നല്കിയിട്ടുണ്ട്. മദിരാശി, തിരുവിതാംകൂർ എന്നീ സർവ്വകലാശാലകളും ഉള്ളൂരിന്റെ യോഗ്യതയെ അഭിനന്ദിച്ചു അദ്ദേഹത്തെ പലനിലയിലും ബഹുമാനിച്ചുവന്നിരുന്നു. കൊച്ചിഭാഷാപരിഷ്കരണക്കമ്മിററിയും അദ്ദേഹത്തിന്റെ പാണ്ഡിത്യാദിയോഗ്യതകളെ പലപ്രകാരത്തിലും അഭിനന്ദിക്കുകയുണ്ടായിട്ടുണ്ട്. കൂടാതെ, സ്മൃതിപുരുഷന്റെ ഗ്രന്ഥങ്ങളെ പുരസ്കരിച്ചു ഇംഗ്ലീഷുരാജാവും, ഇന്ത്യാചക്രവ

ർത്തിയുമായിരുന്ന ശ്രീ. ജോർജ്ജ് അഞ്ചാമൻ, റാവുസാഹിബ്ബ് എന്ന കീർത്തിമുദ്രയും ഉള്ളൂരിന്നു നല്കിയതു സുപ്രസിദ്ധമാണു്.

ഉള്ളൂരിന്റെ പുത്രീപുത്രന്മാരും എല്ലാനിലയിലും ഭാഗ്യവും യോഗ്യതയും തികഞ്ഞവരാണു്. ദ്വിതീയപുത്രനായ ശ്രീ. മഹാദേവൻ ഇപ്പോൾതന്നെ നല്ല വാസനക്കാരനായ ഒരു കവിയാണെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അച്ഛന്റെ പാരമ്പര്യം മക്കൾക്കും കിട്ടണമല്ലോ.

ചരിത്രനായകന്നു കവിതാഗുണവും, മനോഗുണവും തുല്യനിലയിലാണുണ്ടായിരുന്നതു്. മഹാപണ്ഡിതനായ ഒരു ഭാഷാസാഹിത്യനായകനാണു് അദ്ദേഹമെന്നു് ആ മഹാമനസ്കനുമായി അടുത്തുപെരുമാറിയിരുന്നവർക്കു് ഒരിക്കലും തോന്നിയിരുന്നില്ല. അദ്ദേഹത്തിന്റെ അതിരററ വിനയമാണതിന്നു കാരണം. "നിറകുടം തുളുമ്പില്ല" എന്ന ചൊല്ലിൽ പതിരില്ലെന്നു ഉള്ളൂരുമായി പരിചയിച്ചിട്ടുള്ളവർക്കു് എളുപ്പത്തിൽ മനസ്സിലാകും. അതുകൊണ്ടുതന്നെയാണു് അദ്ദേഹത്തിന്നു കേരളീയരുടെയിടയിൽ തേഞ്ഞുമാഞ്ഞുപോകാത്ത ഒരു ഉറച്ച പ്രശസ്തിക്കിടവന്നതു്.

ഇങ്ങിനെ പല ഗുണങ്ങൾക്കും വിളനിലമായിരുന്ന ഒരു മഹാപുരുഷനാണു് നമുക്കിപ്പോൾ നഷ്ടപ്പെട്ടിട്ടുള്ളതു്. ഭാഷാസാഹിത്യലോകത്തിന്നു അടുത്തകാലത്തു ഇത്രവമ്പിച്ച ഒരു നഷ്ടം സംഭവിച്ചിട്ടില്ലെന്നു തീർത്തു പറയാം. ഈ വലിയ നഷ്ടം ഇനി മറെറാരുവിധത്തിൽ നികത്തുവാനും കുറെ പ്രയാസമാണു്.

1124 മിഥുനം 1-ാംനു കേരളമണ്ഡലത്തിന്നു ഒട്ടാകെ അതികഠോരമായ ഒരു വിപത്തു വരുത്തിവെയ്ക്കുമാറാണു് ദുർവ്വിധി ആ പുണ്യചരിതന്റെമേൽ അതിക്രൂരമായ തന്റെ കൈ പതിച്ചതെന്നുള്ളതിന്നു സംശയമില്ല. നമുക്കിനി പരേതന്റെ പുണ്യാത്മാവിന്നു നിത്യശാന്തി നേരുകയേ ഗത്യന്തരമുള്ളു.

## അനുശോചനവും ആസ്വാദനവും.

### I

(ശ്രീ. എം. ആർ കൃഷ്ണവാര്യർ, ബി. എ, എൽ. ടി)

ഉള്ളൂരിനെപ്പററി എനിക്കു പ്രത്യേകസ്നേഹത്തിന്നു വകയുണ്ടു്. അദ്ദേഹത്തിന്റെ മഠത്തിന്നടുത്തുള്ള അദ്ദേഹത്തിന്റെ വക വാടകക്കെട്ടിടത്തിലാണു് നാലഞ്ചുവർഷം ഞാൻ താമസിച്ചതു്. എന്റെകുട്ടികളും അദ്ദേഹത്തിന്റെ കുട്ടികളും അന്നു ഏകോദരസഹോദരങ്ങളെപ്പോലെ പെരുമാറിയവരാണു്. ഞങ്ങൾ രണ്ടുവ്യക്തികളും അങ്ങിനെതന്നെയുള്ള സ്നേഹബന്ധത്തിലേർപ്പെട്ടിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ വിയോഗം ഭാഷാസാഹിത്യത്തിനെന്നപോലെ ഞങ്ങൾക്കും അപരിഹാര്യമായ ഒരു നഷ്ടമാണു്.

### II

(കവിതിലകൻ, ശ്രീ വടക്കുംകൂർ രാജരാജവർമ്മരാജാ)

പ്രാചീനങ്ങളും, നൂതനങ്ങളും, ശതമുഖങ്ങളുമായ സാഹിത്യസരണികളിൽ ഉള്ളൂർ സ്വന്തം തൂലികാസ്പർശനംകൊണ്ടു് അനുഗ്രഹിക്കാത്തവയായി എന്തെങ്കിലും ഒന്നുണ്ടെന്നു തോന്നുന്നില്ല. സംസ്കൃതവൃത്തത്തിൽ മുക്തകംതുടങ്ങി മഹാകാവ്യംവരെ, ദ്രാവിഡവൃത്തത്തിൽ മഞ്ജര്യാദിമുതൽക്കു നവീനവൃത്തനിർമ്മാണംവരെ, താഴ്ന്നനിലയിൽ നിന്നാരംഭിച്ചു ഏററവും ഉയർന്ന അങ്ങേഅററത്തുനില്ക്കുന്നതുവരെയുള്ള എല്ലാ പടികളിലും ഇടയ്ക്കു ഒന്നെങ്കിലുംവിടാതെ, ഉള്ളൂർ പ്രവേശിച്ചിട്ടുണ്ടു്. ഗദ്യത്തിലാണെങ്കിൽ വിമർശനം, ഗവേഷണം, ചരിത്രം, മതം, ശാസ്ത്രം എന്നുതുടങ്ങി അനേകം വിഷയങ്ങളെ അധികരിച്ചു് ഉപന്യാസങ്ങളെഴുതുന്നകാര്യത്തിൽ ഉള്ളൂരിന്റെ കരളും കയ്യും ഒരുപോലെ പ്രവർത്തിച്ചിരുന്നതായിത്തെളിയും.

———


# ആവശ്യമുണ്ടു്.

ഒടുവു്, വി. സി, ഇവരുടെ കവിതകളും, കവനകൌമുദി, വിദ്യാവിനോദിനി, രസികരഞ്ജിനി മുതലായ സാഹിത്യമാസികകളുടെ പഴയ വാല്യങ്ങളും വിലയ്ക്കു് എടുപ്പാൻ ഒരുക്കമുണ്ടു്.

കൂടുതൽവിവരത്തിനെഴുതുക:—

പ്രയാർ, ശങ്കരൻനമ്പൂതിരി,

**A. O. & P. O.** കോഴഞ്ചേരി, തിരുവിതാംകൂർ.

# * പരിണയത്തിന്നു ചെല്ലുന്ന പരമശിവൻ.

(ശ്രീ. പെട്ടരഴിയം ചെറിയരാമൻ എളയതു്)

-അന്നനട-

തടംകുത്തിച്ചുറ്റി പതിഞ്ഞപോൽ, മുകിൽ
തടഞ്ഞ കൊമ്പുകൾ കുടഞ്ഞു മെല്ലമേൽ,
കിലുങ്ങും പൊന്നിൻ കിങ്ങിണിയണിതി, വാനിൽ
കുന്നങ്ങളെപ്പോലും കാളയെടുത്തു ദേവനെ.
നിമിഷത്താൽ ക്രൂരൻ, രിപുക്കളില്ലാതെ
ഹിമവാൻ പാലിക്കും പുരംപ്രാപിച്ചു,
വലിച്ചിട്ടാ മുമ്പിൽപ്പതിച്ച ശങ്കര—
വിലോചനങ്ങളാം കനകത്താർകളാൽ.
അവിടെക്കാറൊളിക്കുഴത്തെഴും പുരാ—
നഖിലരും മുഖമുയർത്തി നോക്കവേ,
വടിവിൽ തൻവില്ലാലടയാളപ്പെട്ട
വഴിയിൽ നിന്നുടത്തിറങ്ങി സൂര്യൻ.
പണക്കാരുമവർ കയറിയ ഗജ—
ഗണങ്ങളാൽ ഗ്ഗിരികുലേന്ദ്രൻ ദേവനെ,
വരവിൽ സന്തോഷിച്ചെതിരേററാൻ, പൂത്ത
മരങ്ങൾ പേറും താഴ്‌വരകളെപ്പോലെ
സുരജനം- ഗിരിജനം- രണ്ടും വാതിൽ
തുറന്ന ഗോപുരതലത്തിലൊന്നിച്ചു,
ഇരമ്പം ദൂരത്തിലലച്ചിടും മാറു
ചിറ മുറിഞ്ഞ രണ്ടാഴക്കകൾ പോലെ,
ത്രിലോകവന്ദ്യനാം ഹരൻ നമിക്കയാൽ
ശിലോച്ചയാധിപൻ സലജ്ജനായ് തീർന്നു;
തനതു മസ്തകം തദീയ ശകരിയാൽ
കുനിഞ്ഞു നന്നായ് മുമ്പ, റിഞ്ഞതില്ലെന്നും
പടർന്ന തോഷത്താൽ വിടർന്ന വക്ത്രശ്രീ
പെട്ടന്ന ശൈലേന്ദ്രൻ നടന്നു മുമ്പിലായ്;
വരനെ കൊണ്ടാക്കി, തെരുവിൽ കണ്ണിക്കാൽ—
വരേ മലർ ചിന്നും സമുല്ലാസതമത്തിൽ.
അതുസമയമാഗ്ഗിരിശനെ ക്കാണ്മാൻ.
കൊതി തുള്ളും പുരവനിതകൾക്കുണ്ടായ്,
മണിപ്പൊന്മേടകൾ മുകളിൽ, മറെറല്ലാം
മറന്നുകാട്ടിട്ടും വിവിധ ചേഷ്ടകൾ:—
ജനവാതിൽ നോക്കി പ്പിടഞ്ഞോടുന്നൊരു
വനിത കെട്ടഴിഞ്ഞലർവീഴും കുഴൽ,
കരത്തിനാൽ താങ്ങിപ്പിടിച്ചിട്ടുമങ്ങ—
വാരയും കെട്ടുവാൻ നിനച്ചതേയില്ല.
അണിയുമ്പോൾ പിടിച്ചിരുന്ന മുൻകുഴൽ
—ളുന്നങ്ങളിച—വഴിച്ചുട്ടെന്നൊരോമലാൾ
കളിനടത്തം വിട്ടണിനിലത്തങ്ങു,
കിളിവാതിലോളമരക്കിൻ ചാറാക്കി,
വലംകണ്ണിൽ കുളിർ മഷിയണിഞ്ഞിടം
പിടലോചനത്തിനെ ച്ചതിച്ചൊരന്യയാൾ,
അതുവിധം തന്നെ, മഷിക്കോലും പിടി-
ച്ചണഞ്ഞു ജനാലിന്നരികത്തെത്തായി.
മിഴിയഴിവാതിൽക്കയച്ചൊരുത്തി, പോം—
വഴിക്കഴിഞ്ഞ പൂന്തുകിലുടുത്തില,
വളക്കതിർ പൊക്കിൾക്കുഴിയിലാണ്ടകൈ—
ത്തളിർ കൊണ്ടു താങ്ങിപ്പിടിച്ചിട്ടു നിന്നാൾ.
പകുതി കോർത്തുടനെന്നേല്ക്ക, യല്ലലാൽ
പ്പദം വെയ്ക്കുമ്പോളൊക്കയും കൊഴികയാൽ,
ഒരുത്തിക്കു പെരുവിരൽ കടെയ്ക്കില—
ന്നൊരുനൂൽ മാത്രമായ് മണിയരഞ്ഞാണം.
മധുമണവും കണ്ണുളികളും ചേർന്നാ—
ക്കുതുഹലിനികൾക്കെഴും മുഖങ്ങളാൽ,
പഴുതടഞ്ഞുള്ള ജനലുകളെല്ലാം
പയോജമാലകളണിഞ്ഞ പോലെയായ്.
നിറക്കൊടികൾ, തോരണങ്ങളെന്നിവ
നിറഞ്ഞ പാതയിൽ ശശിധരനെത്തി,
മണിപ്പൊന്മേടകൾ, പകലിലും തെളി—
വണിനിലാവൊഴിച്ചിരട്ടി മിന്നിച്ചാൻ.
ശിവനെ-ക്കാണ്മാനുമൊരുവനെ-ക്കണ്ണാൽ
അവർ-മൂകരവോർ-മറന്നുമറെറല്ലാം,
മിഴിയിൽ, ബാക്കിയിന്ദ്രിയങ്ങൾതൻതൊഴിൽ
മുഴുവനമൊന്നിച്ചണഞ്ഞ പോലെയായ്.

* * * * *

ഹിമാലയപുരാംഗനകൾതൻ കണ്ണു—
സുമധുരങ്ങളാം മൊഴികൾ മുക്കണ്ണൻ,
ശ്രവിച്ചും കൊണ്ടു, തോൾവളകളാൽ മലർ
വിവിധമായ് പ്പൊടിച്ചണഞ്ഞു മന്ദിരം.

—!!—

* പരിഭാഷപ്പെടുത്തിയ "കുമാരസംഭവ"ത്തിൽനിന്ന്.

# നീതിന്യായ സ്ഥാപനങ്ങൾ.

( ശ്രീ. പി. ജി. എം. )

നീതിന്യായപരിപാലനത്തിന്നാണല്ലോ കോടതികൾ സ്ഥാപിതമായിട്ടുള്ളതു്. ന്യായംനേടുവാൻവേണ്ടി അവിടെ ഫയലാക്കുന്നതു 'അന്യായ'മാണുതാനും. വ്യവഹാരംവരുത്തിത്തീൎക്കുന്ന കഷ്ടപ്പാടുകൾ കുറച്ചൊന്നുമല്ലെന്നു് ആൎക്കാണു് അറിയാത്തതു? അന്യായത്തിൽപ്പെട്ട മുതലിന്നു രക്ഷകിട്ടുമ്പോഴേയ്ക്കും പലപ്പോഴും അതിന്റെ വിലയേക്കാൾ വലിയസംഖ്യ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കും.

ഒരു 'അന്യായം' ഫയലാക്കുന്നതിന്നുതന്നെ വലിയ ചെലവുവരും. കോർട്ടുഫീകൊണ്ടു ഗവൎമ്മെന്റിന്നു നല്ല ഒരു വരവാണു്. ഇതിന്നുപുറമെ, ഒരു കാൎയ്യം അവിടെ സാധിക്കണമെങ്കിൽ എത്ര 'വെലിക്കല്ലു'കളെ പ്രസാദിപ്പിക്കണമെന്നോ! നിയമം അതിനൊന്നും അനുവദിക്കുന്നതല്ലെങ്കിലും കാൎയ്യം നടക്കണമെങ്കിൽ അതൊന്നുംപറഞ്ഞിട്ടു ഫലമുണ്ടാവില്ല. അവിടങ്ങളിലൊക്കെ അമാന്തം കാണിച്ചാൽ അതിലധികച്ചെലവുകൊണ്ടു് കാലതാമസവും മനഃശല്യവും പലപ്പോഴും മൎയ്യാദവിട്ടപെരുമാററംപോലും അനുഭവിച്ചുകഴിഞ്ഞ കാൎയ്യസാദ്ധ്യമുണ്ടായെങ്കിൽതന്നെ അതു കൈവരുവാനൊക്കു.

ന്യായാധിപതികളെസംബന്ധിച്ചു് കൈക്കൂലിക്കുള്ള വശംവദത്വം നന്നെ കുറവുതന്നെയാണു്. എന്നാൽ, ഫയൽ വേഗംതീൎക്കുവാനായി നിയമമനുസരിച്ചു വിധിക്കുവാനുമുള്ള വെമ്പൽകൊണ്ടു് അവൎക്കു പലപ്പോഴും 'സത്യം' കാണാനിടയാവാതെവരുന്നു. മേലധികാരത്തിന്റെ ദൃഷ്ടിയിൽ നല്ല പിള്ളകളായിത്തീരണമെന്നേ അവരിൽ പലൎക്കും നോട്ടമുള്ളൂ. അന്യായക്കാരന്റെ നില എന്തോ ആവട്ടെ!

വ്യവഹാരംകൊണ്ടുണ്ടാകുന്ന കാലതാമസം പരക്കെ പ്രസിദ്ധിപെററതാണു്. അനവധികൊല്ലം കഴിഞ്ഞശേഷമേ ഒരുവിധി സമ്പാദിക്കാനൊക്കുന്നുള്ളൂ. ചെറിയകേസ്സുകളാണെങ്കിൽതന്നെ ആദ്യകോടതിയിൽ ഒരുകൊല്ലം പിടിക്കുന്നതു സാധാരണമാണു്; ഹൈക്കോർട്ടിൽ ചെന്നാൽ രണ്ടുകൊല്ലവും, പ്രിവികൌൺസിലിൽപോയാൽ മൂന്നോ നാലോ കൊല്ലവും കഴിയുന്നതു് ഒട്ടും അപൂൎവ്വമല്ല. സാക്ഷിവിചാരണയും, വക്കീൽമാരുടെ വാദപ്രതിവാദവും മററും കഴിഞ്ഞു് ഒടുവിൽ വിധിപറയുന്നകേസ്സുകളിൽ നൂററിന്നിരുപത്തഞ്ചുകണ്ടെങ്കിലും സത്യമനുസരിച്ചു ന്യായം പ്രവൎത്തിതമായിട്ടുണ്ടെന്നൊട്ടു തീൎത്തുപറഞ്ഞുകൂടതാനും. വക്കീലിന്റെ സാമൎത്ഥ്യംകൊണ്ടു്, വാഗ്ധാടിയുടെ പ്രകടനംകൊണ്ടു, ന്യായാന്യായങ്ങളെ കൂട്ടിമറിച്ചു കുഴപ്പത്തിലാക്കി, സത്യാവസ്ഥയെ മൂടി, പിടിച്ചപക്ഷം ജയിപ്പിക്കുവാനുള്ള ശ്രമമാണു് അവിടെ അധികവും നടക്കുന്നതു്. ജയിക്കാൻ പ്രയാസമുള്ള ഭാഗം ജയിപ്പിക്കുന്നതാണല്ലോ ഒരു നല്ലവക്കീലിന്റെ നേട്ടം.

വക്കീൽഫീസ്സിന്റെ കഥ പറയാനൊക്കില്ല. ചില ഒന്നാംകിട വക്കീലന്മാർ കേസിനെസംബന്ധിച്ചു രേഖകൾ നോക്കുന്നതിന്നു പേജൊന്നിന്നു് അഞ്ചുറുപ്പികവരെ വാങ്ങുമെന്നിരിക്കുന്നു. കേസ്സിനെപ്പററിയ വിവരം ജൂനിയർമാരിൽനിന്നു ഗ്രഹിക്കുന്നതിന്നു ചെലവാകുന്ന സമയത്തിന്നു മണിക്കൂറൊന്നിന്നു 85ക. വസൂലാക്കുന്നവരുമുണ്ടു്. ആദ്യദിവസത്തിന്നു 5000ക.യും, പിന്നെ തുടൎച്ചയായദിവസങ്ങൾക്കു 1530ക. വീതവും വാങ്ങി കേസ്സുകൾക്കു കീഴ്കോടതികളിൽ ഹാജരാവുന്ന ഹൈക്കോർട്ടുവക്കീലന്മാൎക്കും കുറവില്ല. ചില സമ്പ്രദായങ്ങൾ കാണിക്കുവാനുള്ള ചില കണക്കുകൾ കൊടുത്തുവെന്നേ ഉള്ളൂ. ഫീസ്സിന്റെ കാൎയ്യത്തിൽ വൻകിടക്കാരാകുമ്പോൾ വമ്പിച്ച തുകകൾതന്നെവേണ്ടിവരും. കേസ്സ് തോററാലും ജയിച്ചാലും അസ്തു!

ധനത്തിന്റെ വിളയാട്ടത്തിന്നു പ്രാബല്യം കൊടുത്തുകാണുന്ന ഇന്നത്തെ നിയമപരിപാലനമന്ദിരങ്ങൾ സത്യത്തിലുള്ള പ്രസക്തി ജനങ്ങളിൽ കുറച്ചിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതത്തിന്നവകാശമില്ലല്ലോ. നിയമത്തിന്നനുസരിച്ചു തെളിവു കൊടുക്കേണ്ടിവരുമ്പോൾ പല കൃത്രിമങ്ങളും കാട്ടേണ്ടതായിട്ടാണുവരുന്നതു്. സ്വന്തഭാഗം ജയിക്കുവാൻ വേണ്ടതൊക്കെ സമ്പാദിക്കുന്നതിങ്കിൽ മാനമൎയ്യാദകളെ കുറെയൊക്കെ ബലികഴിക്കേണ്ടിവരുന്നതായാൽ തരക്കേടില്ലെന്ന ഒരു മനഃസ്ഥിതിയാണു് ഉണ്ടായിത്തീരുന്നതു്. ബുദ്ധിവിലാസത്തിന്നനുസരിച്ചു സംഗതികളെ തിരിച്ചും മറിച്ചും ഇഷ്ടംപോലെ വലിച്ചുനീട്ടി പകിട്ടിലൊപ്പിക്കുന്നതിലുള്ള പാടവംകൊണ്ടു് യാഥാൎത്ഥ്യംമങ്ങിപ്പോവുകയും സത്യത്തിന്നു തോൽമപിണയുകയുംചെയ്യുന്നു. പൂൎവ്വവിധികളുടെ സമ്മതിയാണു പിന്നീട്ടുവരുന്ന അന്യായങ്ങളെ സാധൂകരിക്കുവാനുപകരിക്കുന്നതു്. നിയമപാടവവും, പറഞ്ഞുഫലിപ്പിക്കുവാൻ വിരുതുമുള്ള ഒരു വക്കീലിന്നു്, കാൎയ്യങ്ങളുടെ സത്യാസത്യങ്ങൾ എങ്ങനെയായാലും, ന്യായാധിപനെ സ്വവശത്താക്കുവാനുള്ള സൗകൎയ്യം ഒട്ടൊന്നുമല്ല. ഇങ്ങനെയുള്ള നയോപായങ്ങളു

ചെറുകഥ.

# സാമ്പിൾ പ്രണയം.

—:o:—

(ശ്രീ. എ. എസ്സ്. പി. പണിക്കർ)

"അസ്സലായി" ഹെന്റു് എന്നു ആ കാരണവർ ആ ചെറുപ്പക്കാരനോടു ചോദിച്ചു. ചെറുപ്പക്കാരൻ പിന്നെയും പറഞ്ഞു. "ബ്രേവോ, ഷേക്ക്." കാരണവർ അയാളുടെ കഷണ്ടിയിന്മേൽ ഒന്നു തടവി, ആ ചെറുപ്പക്കാരന്റെ മുഖത്തേക്ക സൂക്ഷിച്ചുനോക്കി. ആ ചെറുപ്പക്കാരൻ പല്ലുമുഴുവൻ പുറത്തു കാട്ടിക്കൊണ്ടു ഉറക്കെ ഒന്നു ചിരിച്ചു. ഇതുയുമായപ്പോൾ കാരണവർക്ക് ദേഷ്യംവന്നു. കുമ്പളങ്ങപോലെ നരച്ച തലയിലെ നാലഞ്ചു വലിയ രോമങ്ങൾ മെല്ലെ ഇളകുന്നുതുടങ്ങി. യുവാവ് പൊട്ടിച്ചിരിച്ചു. കാരണവർ കരഞ്ഞു. ആ യുവാവും കരഞ്ഞു.

യുവാവ്:— എന്താ കരയുന്നെ?

കാരണവർ:— ജനിച്ചു, മരിച്ചു.

യുവാവ്:— പിന്നെയും ജീവിച്ചിരിക്കുന്നു.

കാരണവർ:— ചിരിയിൽനിന്നു കരച്ചിൽ പൊട്ടിപ്പുറപ്പെട്ടു.

യുവാവ്:— അല്ലാ, കരച്ചലിൽ നിന്നു ചിരി.

കാരണവർ:— രണ്ടു ഒന്നിച്ചു്.

യുവാവ്:— ജനിച്ചാൽ മരിക്കുക, മരിച്ചാൽ ജനിക്കുകയോ, ആവൊ?

കാരണവർ:— എന്നാൽ ഒന്നു പറയാം.

സൂര്യോദിച്ചു ഉറ്റുനോക്കി. ഞാൻ ജനിച്ചുവെന്നു അനുഗ്രഹം കരുതിക്കൊണ്ടു കൊട്ടിഘോഷിച്ചു. ഞാൻ മരിച്ചുവെന്നു പ്രഖ്യാപനംചെയ്യുകയായിരുന്നു ഇതിൽഭേദം. മരണത്തിന്റെ മടിയിലാണു് ഞാൻ തലവെച്ചതു്. പക്ഷെ, ഇന്നുംഞാൻ ജീവിക്കുന്നു. അതാണാശ്ചര്യം.

യൌവനം എന്നെ കടന്നാക്രമിച്ചു. ആകൃതിക്കും പ്രകൃതിക്കും എന്നുവേണ്ട, എല്ലാററിന്നും എന്തൊമാററം സംഭവിച്ചതുപോലെതോന്നി ആ തോന്നൽ യഥാർത്ഥമായിരുന്നു. അന്നൊരു ശനിയാഴ്ച വൈകുന്നേരം പ്രണയദാഹം എന്നെയും അലട്ടി. ഈ നരച്ചതലമണ്ടയുടെ രസകരമായ ജീവിതകഥകേട്ടു് ഇന്നുനിങ്ങൾ പൊട്ടിച്ചിരിക്കും. എന്നാൽ, നിങ്ങളും നാളെ നരയ്ക്കും, അല്ലാ മരിക്കുകതന്നെചെയ്യും. പ്രണയമെന്നെല്ലാവരും പറയുന്നു. എന്നാൽ അതിന്റെ "സാമ്പിൾ" ഒന്നു എത്ര തന്നെ നോക്കാനൊരവസരം എനിക്കും ലഭിച്ചു. ആ നാണാദേഹത്തിന്റെയും മോഹത്തിന്റെയും രഹസ്യം. ഇന്നത്തെ പട്ടുസാരിയിൽ പൊതിഞ്ഞ തരുണിയല്ല എന്നെ ആകർഷിച്ചതു്. പിന്നെയോ, അർദ്ധനഗ്നയായ ഒരു ഗ്രാമീണപ്പെണ്ണ്. അവൾ എന്നെ സ്നേഹിച്ചു. അതെ ഞാനും. ഞങ്ങൾ വിവാഹിതരായി. പക്ഷെ, അവൾ മരിച്ചു. എന്നാൽ ഞാൻ ഇന്നും മരിച്ചിട്ടില്ല. മരിക്കുന്നുമില്ല.

ആദ്യത്തെ ആ സന്തോഷം എനിക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. അതെ ഞാനും നീയും കരഞ്ഞതെന്തുകൊണ്ടാണാവൊ?

യുവാവ്:— എനിക്ക് ഭ്രാന്താണ്. അതുമുഴുത്തഭ്രാന്തു്. മാററിയാൽ മാറാത്തതു്. അതെ, അങ്ങിനെതന്നെയാണ് പലരും പറയുന്നതു്. എനിക്കു ഭ്രാന്തുണ്ടോ?

കാരണവർ:— എന്തു് ഭ്രാന്തോ? അതും നിങ്ങൾക്കോ?

യുവാവ്:— ഈ ചോദ്യം തന്നത്താൻ പലവുരു ഉരുവിട്ടുകഴിഞ്ഞു. എന്നാൽ അതിനൊരു സമാധാനം ഇന്നുവരെ എനിക്ക് കിട്ടിയിട്ടില്ല.

കാരണവർ:— ഇനിയൊട്ടു കിട്ടുമെന്നുതോന്നുന്നില്ലേ?

യുവാവ്:— ഇല്ല. എനിക്കുഭ്രാന്തുണ്ടോ?...ഉവ്വോ?... പറയൂ പറയൂ. ഭ്രാന്തു് ഭ്രാന്തു്. എന്തു്ഭ്രാന്തോ? അതു എനിക്കോ? നല്ല നേരംപോക്ക്. ഹാ! ഹാ! ഞാൻ ഭ്രാന്തൻ.....

കാരണവർ:— സംശയമെന്തു്? മനോവ്യാപാരത്തിൽപെട്ടു നിങ്ങൾ ഉഴലുകയാണ്. എന്നാലും നിങ്ങൾക്കു ഭ്രാന്തില്ല

യുവാവ്:— ഹാവൂ! ഇനി എനിക്കുമരിക്കാം. ഒരാളെങ്കിലും ഞാൻ ഭ്രാന്തനല്ലെന്നു പറയുവാൻ ഉണ്ടല്ലോ? ആനന്ദസമ്പൂർണ്ണമായ ജീവിതം അതു ഞാനിന്നു വെറുക്കുന്നു. ആനന്ദം. അതാണെന്നെ നശിപ്പിച്ചതെന്നു തോന്നുന്നു. പറയാം കേട്ടോളൂ.

---

ടെ പ്രകടനഫലമായി അന്യായങ്ങളിൽ തീർപ്പുണ്ടാവിത്തീരുന്നു. പലപ്പോഴും കേസ്സിൽ ജയം കിട്ടുക പാഴ്സ്സു കക്ഷിയുടെകൈവശം ആശയ്ക്കൊത്തതായൊന്നുമില്ലാത്ത നിലയാണുണ്ടാവുന്നതു്. ഒട്ടാകെനോക്കുമ്പോൾ, അല്പമെങ്കിലും നിവൃത്തിയുണ്ടെങ്കിൽ, 'അന്യായത്തിൽ നിന്നു രക്ഷിക്കണേ!) എന്നു പ്രാർത്ഥിക്കുവാനാണ് ആർക്കും തോന്നുക. എന്നാൽ നീതിനിപുണന്മാരും ഉദാരമതികളുമായ വക്കീലന്മാരും, സത്യബുദ്ധികളായ ന്യായാധിപന്മാരും നാട്ടിന്നൊരു നേട്ടമാണെന്നും സമ്മതിക്കാതെതരമില്ല. സത്യം വിടാതെതന്നെ കേസ്സുകൾ നടത്താമെന്നതിന്നു ഗാന്ധിജി ഒരു വിലയേറിയ പാഠമാണു സ്വജീവിതംകൊണ്ടു നൽകിയിട്ടുള്ളതു്. ഈ ബോധത്തിന്നു പക്കെ പ്രതിഷ്ഠകിട്ടിയാൽ ലോകമെത്ര നന്നാവുമെന്നോ! നീതിന്യായസ്ഥാപനങ്ങൾ സമുദായോൽകർഷത്തിന്നുതകുന്നതെങ്കിൽ അവയുടെ പ്രവർത്തനങ്ങൾ സത്യപരിശുദ്ധധർമ്മാദികളിൽ അധിഷ്ഠിതമാവണമെന്നതിലെന്തുസംശയം?

—

# പ്രസാധകക്കുറിപ്പുകൾ.

## തി—കൊ. വാരികാമാസികാ

## പത്രാധിപന്മാരുടെ സമ്മേളനം.

തിരുവിതാംകൂർ—കൊച്ചി വാരികാ—മാസികാ പത്രാധിപന്മാരുടെ ഒരുസമ്മേളനം മുൻനിശ്ചയമനുസരിച്ചു തിരുവനന്തപുരത്തു "നാരദർ" ആഫീസ്സിൽവെച്ചു 12—11—1121ൽ നടന്നിരിക്കുന്നു. ആ സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളുടെയും മററും ഒരു പൂർണ്ണവിവരം ഞങ്ങൾക്കയച്ചുതന്നതു് ഈ ലക്കത്തിൽ ചേർക്കുവാൻ സ്ഥലച്ചുരുക്കം അനുവദിക്കാത്തതിൽ വ്യസനിക്കുന്നു. തി—കൊ.വാരികാ-മാസികാപത്രാധിപന്മാർക്കും പ്രതിദിനപത്രങ്ങൾക്കു നൽകുന്ന എല്ലാ പത്രാധിപാവകാശങ്ങളും അനുവദിച്ചു നീതിപാലിക്കേണ്ടതു എല്ലാനിലയിലും അത്യാവശ്യമാണെന്നുള്ള [illegible] മുൻനിർത്തി പ്രസ്തുത വാരികാ-മാസികാപത്രാധിപന്മാർ സംഘടിച്ചു ചെയ്യുന്ന സകല പരിശ്രമങ്ങൾക്കും ആനുകൂല്യം നൽകേണ്ടതു ഗവന്മെണ്ടിന്റെ മുഖ്യമായ മുറയാണെന്നാകുന്നു ഞങ്ങളുടെ പ്രബലമായ അഭിപ്രായം

## തിരുത്തിവായിക്കുവാൻ.

കഴിഞ്ഞ എട്ടാംലക്കത്തിലുള്ള പഴനിയിൽക്കണ്ട പിറാവുക്കാവടി എന്ന ലേഖനത്തിലെ ആദ്യത്തെവരിയിലുള്ള കൊല്ലവർഷം 1033-ാമാണ്ട എന്നതു കൊല്ലവർഷം 1060-മാണ്ടെന്നു തിരുത്തിവായിക്കേണ്ടതാണ്.

---

പ്രണയപാശത്തിന്റെ മുറുക്കമുള്ളകെട്ട് എന്റെകഴുത്തിലും വീണു. ആ കുടുക്കു ക്രൂരതലായി മുറുകിത്തുടങ്ങി. ഹാ! എന്തൊരാനന്ദം! ഞാൻ ജീവിക്കുവാൻപോകുന്നു. അതേ, ആർക്കും അനുഭവസിദ്ധമല്ലാത്തൊരുജീവിതം. അതെ, അതെന്റെ വ്യാമോഹങ്ങളിലൊന്നായിരുന്നു. പ്രണയബദ്ധരായ യുവതീയുവാക്കന്മാരെപ്പോലെ ഞങ്ങളും കഴിഞ്ഞു. മാസങ്ങൾ ചിലതെല്ലാംകഴിഞ്ഞു. പക്ഷെ, അന്നെന്തൊരുസന്തോഷം എനിക്ക് പ്രത്യേകിച്ചനുഭവപ്പെട്ടിരുന്നുവോ, അതെനിക്കില്ലാതായി. സമൂഹ്യാചാരരീതി ഞങ്ങളെ വട്ടംതിരിച്ചു. കാരണം എന്താണാവൊ?

പ്രണയിനിയുടെ മാതാപിതാക്കന്മാർ അവളെ ഇതരന്നു ലോകദൃഷ്ടിയിൽ വിവാഹംകഴിച്ചുകൊടുത്തു. എന്നാൽ, അന്തരംഗത്തിൽ ഞങ്ങളുടെ വിവാഹം എത്രയോനേരത്തെകഴിഞ്ഞിരുന്നു. അങ്ങിനെ ഞാൻ ഒററപ്പെട്ടു. പക്ഷെ ആറുമാസംകഴിയുന്നതിനുമുമ്പ് അവൾ മരിച്ചു. ഒരിക്കൽ മരിച്ചാൽ പിന്നേയും ജനിക്കുമോ? അതാണെനിക്കറിയേണ്ടതു്.

കാരണവർ:— ഇതുമൊരു "സാമ്പിൾപ്രണയം!" അങ്ങിനെയെത്രയോ നടക്കുന്നു. അല്ലാ, ഇനി എത്ര നടക്കാനിരിക്കുന്നു?

യുവാവ്:— "സാമ്പിൾപ്രണയം" "സാമ്പിൾപ്രണയം" എന്നുപറഞ്ഞു ഉറക്കെചിരിച്ചുകൊണ്ട് ഓടിപ്പോയി. കാരണവർ "നല്ലരസികൻ" എന്നു തന്നത്താൻ പറഞ്ഞു. വികാരം ആ കാരണവരെ പിന്നേയും അവിടെഇരുത്തി ചിന്തിപ്പിച്ചു.

143027
521032:N48
H9
UNIVERSITY LIBRARY
15 NOV 1949
A154